ഭാരത സർക്കാർ

വനിത ശിശു വികസന മന്ത്രാലയം

ഭാരത സർക്കാർ

പുതിയ പ്രഭാതത്തിലേക്ക്

വനിത ശിശു വികസന മന്ത്രാലയം

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിയമങ്ങൾ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റ്

5, സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഹോസ് വാസ്,

ന്യൂ ദില്ലി - 110016

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള നിയമങ്ങൾ

സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങൾ

- സ്ത്രീധനനിരോധന നിയമം 1961 (1986 ലെ ഭേദഗതി നിയമം)
- ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2005
- അസാന്മാർഗിക പ്രവൃത്തികൾ തടയൽ നിയമം 1956
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ നിരോധനം, പരിഹാരം നിയമം 2013)
- ഗർഭധാരണത്തിന് മുമ്പും ഗർഭാവസ്ഥയിലും ഉള്ള പരിശോധന നിയമം 1994 (2003ൽ ഭേദഗതി ചെയ്തത്)
- ഗർഭഛിദ്ര നിയമം 1971 (2001ൽ ഭേദഗതി ചെയ്തു)
- സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ തടയൽ നിയമം, 1986
- പ്രസവാനുകൂല്യ നിയമം, 1961 (2017 ൽ ഭേദഗതി ചെയ്തത്)
- ഏറ്റവും കുറഞ്ഞ വേതന നിയമം, 1948
- ക്രിമിനൽ ഭേദഗതി നിയമം, 2013
- കുടുംബകോടതി നിയമം, 1984
- ദേശീയ വനിതാകമ്മീഷൻ നിയമം,1990
- വിവാഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ
- ഹിന്ദു പിന്തുടർച്ചാവകാശ നിയമം, 1956

കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ

- ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സരക്ഷണ നിയമം (പോക്സോ) 2012.
- ബാലനീതി നിയമം (കുട്ടികളുടെ കരുതലും സംരക്ഷണവും) 2015.
- ശൈശവ വിവാഹ നിരോധന നിയമം, 2006.
- ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം, 2005.
- വിദ്യാഭ്യാസ അവകാശ നിയമം, 2009.

അവകാശാടിസ്ഥാന നിയമങ്ങൾ

- ഗ്രാമന്യായാലയ നിയമം , 2008.

- പ്രഥമ വിവര റിപ്പോർട്ട് (എഫ്.ഐ.ആർ)ഫയൽ ചെയ്യൽ നടപടി ക്രമം.

സ്ത്രീകളുടെ നിയമപരമായ അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയിലും വിവിധ നിയമങ്ങളിലും അനുശാസിക്കുന്ന നിയമപരമായ അവകാശങ്ങൾ ഓരോ സ്ത്രീക്കുമുണ്ട്. അവകാശം നിയമപരവും സാമൂഹികവും പ്രവർത്തിക്കാനുള്ള ധാർമ്മികമായ സ്വാതന്ത്ര്യവുമാണ്. ഈ അവകാശങ്ങൾ വ്യക്തി നന്മക്കും സമൂഹത്തിന് ഒട്ടാകെയും അത്യന്താപേക്ഷിതമാണ്.

- സമത്വത്തിനുള്ള അവകാശം
- പ്രകടിപ്പിക്കുന്നതിനും പ്രഭാഷണത്തിനുമുള്ള സ്വാതന്ത്ര്യാവകാശം
- സൗജന്യ നിയമ സഹായം കിട്ടാനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ
- സ്വത്തിൽ പൂർണ്ണമായ ഉടമസ്ഥാവകാശം
- തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം ഉൾപ്പടെയുള്ള പീഢനം, ചൂഷണം, അതിക്രമം എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിനുള്ള അവകാശം
- മൊഴിരേഖപ്പെടുത്തുന്നതിൽ സ്വകാര്യതക്കുള്ള അവകാശം
- വിവരം, സമ്മതിദാനം, താമസം, പോഷകാഹാരം, ആരോഗ്യം, മുത്തലാഖ് എന്നിവ സംബന്ധിച്ച അവകാശം

സ്ത്രീധനം

താഴെ പറയുന്നവർ നൽകിയ അല്ലെങ്കിൽ നൽകാമെന്നേറ്റ ഏതെങ്കിലും സ്വത്തോ വിലകൂടിയ ജംഗമവസ്തുക്കളോ സ്ത്രീധനം എന്നറിയപ്പെടും.

- വധു വരനോ വരൻ വധുവിനോ
- വധുവിന്റേയോ വരന്റേയോ മാതാപിതാക്കൾ അല്ലെങ്കിൽ മറ്റാരെങ്കിലും .
- വിവാഹസമയത്തോ അതിന് മുമ്പോ അല്ലെങ്കിൽ വിവാഹശേഷമോ ഏതെങ്കിലും സമയത്തോ.
- സ്ത്രീധനം നൽകുന്നതും വാങ്ങുന്നതും ആവശ്യപ്പെടുന്നതും അല്ലെങ്കിൽ സ്ത്രീധനത്തിനായി പരസ്യം ചെയ്യുന്നതു പോലും കുറ്റകരമാണ്.
- തന്റെ മകന്റെയോ മകളുടേയോ ബന്ധുവിന്റെയോ വിവാഹത്തിന് സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്ന ഏതൊരാളും 1961 ലെ സ്ത്രീധന നിരോധന നിയമ (1986 ലെ ഭേദഗതി നിയമം) പ്രകാരം ശിക്ഷാർഹരമാണ്.







ചിത്രം –സ്ത്രീധനം കൊടുക്കുന്നതും നൽകുന്നതും കുറ്റകരം

സ്ത്രീധനത്തിനെതിരായ നിയമവ്യവസ്ഥകൾ

- സ്ത്രീധന നിരോധന നിയമം, 1961 (1986 ലെ ഭേദഗതി നിയമം)
    - 1961 ലെ സ്ത്രീധന നിരോധന നിയമം, സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും നിരോധിക്കുന്നു
    - സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷ 5 വർഷത്തിൽ കുറയാത്ത തടവും പിഴയായി 15000/- രൂപയിൽ കുറയാത്തോ അല്ലെങ്കിൽ സ്ത്രീധനതുകക്ക് തുല്യമായ തുകയോ ഏതാണ് കൂടുതൽ അത്.
    - വധുവിന്റെയോ വരന്റെയോ മാതാപിതാക്കളോടോ ഏതെങ്കിലും ബന്ധുവിനോടോ നേരിട്ടോ അല്ലാതേയോ സ്ത്രീധനം ആവശ്യപ്പെടുന്നത് ആറ് മാസത്തിൽ കുറയാതെ രണ്ട് വർഷക്കാലം വരെയാകാവുന്ന തടവും പതിനായിരം രൂപവരെയാകുന്ന പിഴയും.
    - മകന്റെ അല്ലെങ്കിൽ മകളുടെ അല്ലെങ്കിൽ മറ്റേതെങ്കിലും ബന്ധുവിന്റെ വിവാഹത്തിനായി തന്റെ സ്വത്തിന്റെ ഭാഗമോ പണമോ വാഗ്ദാനം ചെയ്തു കൊണ്ട് പരസ്യം നൽകുന്നതോ അത്തരം പരസ്യം അച്ചടിക്കുകയോ പ്രസിദ്ധം ചെയ്യുകയോ ചെയ്യുന്നതും ആറ് മാസത്തിൽ കുറയാതെ അഞ്ച് വർഷം വരെയാകാവുന്ന തടവും അല്ലെങ്കിൽ പതിനായിരം രൂപ വരെയുള്ള പിഴയോ കൂടിയ ശിക്ഷയ്ക്ക് അർഹമാവുന്നതാണ്

ഗാർഹിക പീഡനത്തിനെതിരെയുള്ള നിയമവ്യവസ്ഥകൾ

- ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2005
- ഗാർഹിക ബന്ധത്തിനിടെ (വിവാഹമോ സഹവാസമോ പോലുള്ള ബന്ധത്തെ തുടർന്ന്) സ്ത്രീകളുടെയോ കുട്ടികളുടെയോ ആരോഗ്യം, സുരക്ഷ, ജീവിത സ്വാസ്ഥ്യം എന്നിവയെ അപകടത്തിലാക്കുന്നതോ അതിനിടയാക്കുന്നതോ ആയ പ്രവർത്തി, ഉപേക്ഷ, പെരുമാറ്റം എന്നിവ ഗാർഹിക പീഡനമായി കണക്കാക്കുന്നതാണ്.

ഗാർഹിക പീഡനം എന്നതിൽ ഉൾപ്പെടുന്നത്

- ശാരീരികപീഡനം/ശാരീരിക പീഡന ഭീഷണി
- ലൈംഗിക പീഡനം അല്ലെങ്കിൽ അതിനുള്ള ഭീഷണി
- വാചികമായോ വൈകാരികമായോ മാനസികമായോ ആയ പീഡനം
- സാമ്പത്തിക പീഡനം

ഗാർഹിക പീഡന സൂചികകളിൽ ഉൾപ്പെടുന്നത്

- ശാരീരിക ആക്രമണം – അടിക്കുക, തൊഴിക്കുക, മുടിപിടിച്ച് വലിക്കുക, തള്ളിമാറ്റുക, അടിക്കുമെന്ന് ഭിഷണിപ്പെടുത്തുക, പ്രഹരം ഏൽപ്പിക്കുക, ആയുധം ഉപയോഗിക്കുക.

- മാനസീക പീഡനം – വിരട്ടിയൊതുക്കുക, നിയന്ത്രണത്തിലൂടെ വ്യക്തിസ്വാതന്ത്ര്യത്തിന് തടസ്സം സൃഷ്ടിക്കുക, നിരന്തരം അധിക്ഷേപിക്കുക അല്ലെങ്കിൽ സ്ത്രീയെ ചോദ്യം ചെയ്യുക.

- നിരന്തരം ഒളിച്ച് പിന്തുടരൽ– ഒരു വ്യക്തിയെ നിരന്തരം ഒളിച്ച് പിന്തുടരുക, വീട്ടിൽ അല്ലെങ്കിൽ ജോലിസ്ഥലത്ത് പ്രത്യക്ഷപ്പെടുക, തുടർച്ചയായി ഫോൺ ചെയ്യുക അല്ലെങ്കിൽ സന്ദേശം അയക്കുക.

- സൈബർ പിന്തുടരൽ – ഇരയെ മാനസികമായി അലോസരപ്പെടുത്തും വിധം ഭിഷണിപ്പെടുത്തുന്നതോ അശ്ലീലമായതോ സമ്മർദത്തിലാക്കുന്നതോ ആയ സന്ദേശങ്ങളിലൂടെ നിരന്തരം ശല്യപ്പെടുത്തുക, തുടർച്ചയായ ഓൺലൈൻ പീഡനം അല്ലെങ്കിൽ ഗണ്യമായ മാനസിക സംഘർഷം ഉളവാക്കുന്ന ഇ.മെയിൽ അയക്കുക.

- ലൈംഗിക അതിക്രമം – നിർബന്ധിത ലൈംഗികബന്ധം, അനാവശ്യമായ തലോടൽ അല്ലെങ്കിൽ ലൈംഗികവേഴ്ച, ലൈംഗിക ചുവയുള്ള തമാശകൾ, മാനഹാനി, അശ്ലീല ചിത്രങ്ങൾ അല്ലെങ്കിൽ മറ്റ് അശ്ലീല വസ്തുക്കൾ കാണാൻ നിർബന്ധിക്കൽ, അവളുടെ സമ്മതമില്ലാതെയോ ആഗ്രഹത്തിന് വിരുദ്ധയമായോ മറ്റുള്ളവരെ ലൈംഗീകമായി രസിപ്പിക്കാൻ ഒരു സ്ത്രീയെ നിർബന്ധിപ്പിക്കൽ, മറ്റേതെങ്കിലും രീതിയിലുള്ള ലൈംഗീക പ്രവർത്തി, ലൈംഗീക പീഢനം, അപമാനിക്കൽ, തരംതാഴ്ത്തൽ അല്ലെങ്കിൽ മറ്റ് തരത്തിൽ ഇരയുടെ അന്തസ്സ് ഹനിക്കൽ.

- സാമ്പത്തിക പീഡനം, പൂർണ്ണമായോ ഭാഗികമായോ സാമ്പത്തിക–പിന്തുടർച്ചാവകാശം അല്ലെങ്കിൽ തൊഴിൽ അല്ലെങ്കിൽ രണ്ടും കൂടി– നിയന്ത്രണം വരുത്താനുള്ള വിവിധ തന്ത്രങ്ങളിൽ അകപ്പെടുത്തൽ.

2005 ഗാർഹിക പീഡന നിയമത്തിലെ വ്യവസ്ഥകൾ

വ്യവസ്ഥ	ആശ്വാസം
ഗാർഹിക പീഡനത്തിന് ഇരയാക്കപ്പെട്ടതോ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അനുഭവിക്കുകയൊ ചെയ്യുന്ന സ്ത്രീകൾക്ക്.	ഗാർഹിക പീഡനത്തിൽ നിന്നും ഉൽഭവിക്കുന്ന വിപത്തുകൾ/അരക്ഷിതരാവസ്ഥയിൽ നിന്ന് ഇരയാക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സംരക്ഷണം.

ഗാർഹിക പീഡനങ്ങൾക്ക് നിയമാനുസൃതം വിവാഹിതരായ സ്ത്രീകൾക്ക് ലഭിക്കുന്ന അതേ അവകാശം സഹവാസ ബന്ധങ്ങളിൽ ഏർപ്പെട്ട സ്ത്രീകൾക്കും ലഭ്യമാക്കൽ.	സ്ത്രീധനവും ആഭരണങ്ങളും തിരിച്ചു കിട്ടുന്നു. വൈദ്യസഹായം, കൌൺസലിംഗ്, നിയമസഹായം ഗാർഹിക പീഡനം നടത്തുന്ന വ്യക്തി ബന്ധപ്പെടുത്തുന്നതും ആശയ വിനിമയം നടത്തുന്നതും തടയുന്നു
മറ്റുള്ള നിയമവുമായി തട്ടിച്ചു നോക്കുമ്പോൾ ഗാർഹിക ബന്ധത്തിലുള്ള സ്ത്രീകൾക്ക് ധ്രുത പരിഹാരം	ശാരീരിക-മാനസിക പീഡനങ്ങൾക്കും മറ്റ് സാമ്പത്തിക നഷ്ടത്തിനും നഷ്ടപരിഹാരം.
ഈ നിയമപ്രകാരമുള്ള അപേക്ഷ മജിസ്ട്രേട്ട് നോട്ടീസ് തിയ്യതി മുതൽ 60 ദിവസത്തിനകം നിർവ്വഹിക്കണം.	വിവിധ നിയമങ്ങൾ പ്രകാരം കോടതിയിൽ നേരിട്ട് പരാതി ബോധിപ്പിക്കാനും നിയമ നടപടിക്കുള്ള അവകാശം.
നിലവിലുള്ള മറ്റു നിയമങ്ങൾ പ്രകാരമുള്ള കേസ്സുകളുടെ അവസ്ഥയും നിലവിൽ ലഭിക്കുന്ന പരിഹാരവും മനസ്സിൽ വെച്ചുകൊണ്ട് ഈ നിയമപ്രകാരമുള്ള ആശ്വാസം രൂപകല്പന ചെയ്തത്.	സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണ ചെലവ് നഷ്ടപരിഹാരം
ഗാർഹിക പീഡനത്തിനിരയായവർക്ക് ഹ്രസ്വകാല സ്റ്റേ ഹോമുകളിൽ അഭയം തേടാൻ സാധിക്കും	സ്ത്രീകളുടെ നിയന്ത്രണത്തിലും അധീനതയിലുള്ള സ്വത്ത് നശിപ്പിക്കപ്പെട്ടാലോ കേടുപാടുകൾ വരുത്തിയാലോ നീക്കം ചെയ്താലോ ആയതിന് നഷ്ടപരിഹാരം
വീട്ടിൽ നിന്ന് ഇറക്കി വിടുന്നവർക്ക് എത്രയും പെട്ടെന്ന് വൈദ്യസഹായവും അതുപോലുള്ള മറ്റു സേവനങ്ങളും ലഭ്യമാവുന്നു.	ഗാർഹിക പീഡനത്തെ തുടർന്ന് നിയമപ്രകാരം സൃഷ്ടിക്കുന്ന എല്ലാ റിക്കാർഡുകളുടെയും സൌജന്യ പകർപ്പ്.

ലൈംഗിക പീഡനം

- തുറിച്ചു നോട്ടം, അംഗവിക്ഷേപണം, സ്പർശനം, കമന്റടിക്കൽ, ലൈംഗീകാക്രമണം തുടങ്ങി സ്വീകാര്യമല്ലാത്തതോ ആവശ്യപ്പെടാത്തതോ ആയ ലൈംഗിക സ്വഭാവമുള്ള എല്ലാ പെരുമാറ്റങ്ങളും ലൈംഗിക പീഡനമാണ്.

അനാവശ്യവും ബോധപൂർവ്വവുമായ ശാരീരിക സ്പർശനവും നീക്കവും	ലൈംഗിക ഒത്താശക്കുള്ള വേണ്ടാത്ത അപേക്ഷയോ ആവശ്യമോ
ഒരാളെ തുറിച്ചു നോക്കൽ	ലൈംഗിക നിറമുള്ള അഭിപ്രായ പ്രകടനം
ലൈംഗിക ചിത്രങ്ങൾ കാണിക്കൽ	അനാവശ്യമായ ലൈംഗിക കളിയാക്കലുകൾ, തമാശകൾ, അഭിപ്രായങ്ങൾ, ചോദ്യങ്ങൾ

മുഖഭാവങ്ങൾ, കണ്ണിറുക്കൽ, ചുംബനം എറിയൽ അല്ലെങ്കിൽ ചുണ്ടുകൾ നക്കൽ	കൈകൾ കൊണ്ടോ ശാരീരിക ചലനങ്ങൾ കൊണ്ടോ ലൈംഗീക ആംഗ്യങ്ങൽ കാണിക്കൽ

ലൈംഗിക അതിക്രമങ്ങൾക്കെതിരെയുള്ള നിയമവ്യവസ്ഥകൾ

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം)നിയമം 2013

- സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ തടയൽ നിയമം, 1986

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം 2013

<u>നിയമത്തിലെ പ്രധാന സവിശേഷതകൾ</u>

- പ്രധാന തൊഴിൽ ദാതാവിന്റെ അറിവോടെയോ അല്ലാതെയോ വേതനത്തോടു കൂടിയോ അല്ലാതെയോ തൊഴിൽ നിബന്ധനകൾ വ്യക്തമായി രേഖപ്പെടുത്തപ്പെട്ടതോ സൂചിപ്പിക്കുന്നതോ ആയാലും സ്ഥരിമായോ താൽക്കാലികമായോ അഡ്ഹോക്ക് അടിസ്ഥാനത്തിലോ നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും ഏജൻസി മുഖേനയോ കരാറടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന സഹപ്രവർത്തകരോ പ്രൊബേഷണർമാരോ ട്രെയിനികളോ അപ്രന്റിസുകളോ ആയ എല്ലാവരും തൊഴിലാളി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. വീട്ടുവേലക്കാരും ഇതിൽ ഉൾപ്പെടും.

- 'തൊഴിലിടം' എന്നതിൽ സംഘടനകൾ, വകുപ്പുകൾ, ഓഫീസുകൾ, ശാഖകൾ മുതലായ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഉള്ള സംഘടിതമോ അസംഘടിതമോ ആയതും ആശുപത്രി, നഴ്സിംഗ് ഹോം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കായികസ്ഥാപനങ്ങൾ, സ്റ്റേഡിയം, കായിക സമുച്ചയങ്ങൾ അല്ലെങ്കിൽ തൊഴിലാളി തന്റെ ജോലിയുടെ ഭാഗമായി സന്ദർശിക്കാൻ സാധ്യതയുള്ള ഗതാഗതം ഉൾപ്പടെയുള്ള മറ്റേതെങ്കിലും സ്ഥലവും ഉൾപ്പെടുന്നതാണ്. പരമ്പരാഗതമല്ലാത്ത ടെലി കമ്യൂട്ടിംഗ്(ടെലഫോൺ, ഇന്റർനെറ്റ് മുതലായവ ഉപയോഗിച്ച് വീട്ടിൽ നിന്ന് തൊഴിൽ ചെയ്യൽ)തൊഴിലിടങ്ങളിലുള്ള ഈ നിയമത്തിന്റെ പരിധിയിൽ വരും.

- പത്തോ അതിലധികമോ ജീവനക്കാരുള്ള ഓരോ ഓഫീസിലോ അതിന്റെ ശാഖയിലോ ഒരു ആന്തരിക പരാതി സമിതി രൂപീകരിക്കാൻ എല്ലാ തൊഴിൽ ദാതാവും ബാധ്യസ്ഥനാണ്. ജില്ലാതല ഉദ്യോഗസ്ഥൻ ഒരു പ്രാദേശിക പരാതി സമിതി എല്ലാ ജില്ലയിലും കൂടാതെ ആവശ്യമെങ്കിൽ ബ്ലോക്ക്തലത്തിലും രൂപീകരിക്കണം. ഈ നിയമപ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിന് ജില്ല ഓഫീസറായി ജില്ല മജിസ്ട്രേറ്റിനെയോ അഡിഷണൽ ജില്ല മജിസ്ട്രേറ്റിനേയോ കലക്ടറേയോ ഡെപ്യൂട്ടി കലക്ടേറ്ററേയോ സർക്കാർ ചുമതലപ്പെടുത്തണം.

തൊഴിലിടത്തെ ലൈംഗികപീഡനത്തിന്റെ പ്രധാന ഘടകങ്ങൾ

ഒരു തൊഴിലിടത്തോ തൊഴിൽ ദാതാവ് സംഘടിപ്പിക്കുന്ന സാമൂഹ്യ പരിപാടിയിലോ ജോലി സംബന്ധമായ യാത്രയിലോ പരിശീലനത്തിലോ കക്ഷിയുടെ /ഉപഭോക്താവിന്റെ സ്ഥലത്തോ തൊഴിലുമായി ബന്ധപ്പെട്ട ടെലിഫോൺ അല്ലെങ്കിൽ ഇലക്ട്രോണിക് സംഭാഷണത്തിലോ പീഢനം നടക്കാം.

1) 10 ജീവനക്കാരുള്ള എല്ലാ തൊഴിലിടങ്ങളിലും ഒരു ആന്തരിക പരാതി കമ്മിറ്റി രൂപീകരിക്കേണ്ടത് നിർബന്ധിതമാണ്.

2) ജില്ലാ മജിസ്ട്രേറ്റിന്റെ/കലക്ടറുടെ ഓഫീസിലുള്ള പ്രാദേശിക പരാതി കമ്മിറ്റി യിലാണ് 10 ൽ കുറവ് തൊഴിലാളികൾ ഉള്ള തൊഴിലിടങ്ങളിലെ പരാതി നൽകേണ്ടത്.

3) നിയമം പാലിക്കാത്ത തൊഴിൽ ദാതാവ് 50,000/- രൂപ വരെയുള്ള പിഴ ശിക്ഷക്ക് അർഹനാണ്.

- മരണം മൂലമോ ശാരീരിക മാനസിക പരാധീനതകൾ കാരണമോ പീഡിക്കപ്പെട്ട ജീവനക്കാരിക്ക് പരാതി നൽകാൻ കഴിയാത്ത പക്ഷം സുഹൃത്തിനോ ബന്ധുക്കൾക്കോ സഹപ്രവർത്തകർക്കോ മനശാസ്ത്രജ്ഞനോ മനോരോഗ വിദഗ്ധനോ പരാതി ഫയൽ ചെയ്യാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്.

- പരാതിനൽകാൻ ഉദ്ദേശിക്കുന്ന പീഡിതയായ സ്ത്രീ സംഭവം നടന്ന് മൂന്ന് മാസത്തിനകമോ തുടർ സംഭങ്ങളുടെ കാര്യത്തിൽ അവസാന സംഭവ തീയതി മുതൽ മൂന്ന് മാസത്തിനകമോ രേഖാമൂലമുള്ള പരാതിയുടെ 6 പ്രതികൾ പരാതിയെ പിന്തുണക്കുന്ന രേഖകൾ സാക്ഷികളുടെ പേര് മേൽവിലാസം എന്നിവ സഹിതം ആന്തരിക പരാതി കമ്മിറ്റിക്കോ പ്രാദേശിക പരാതി കമ്മിറ്റിക്കോ സമർപ്പിക്കണം. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം അവൾക്ക് നേരിട്ട് ഒരു എഫ്.ഐ.ആർ ഫയൽ ചെയ്യാവുന്നതുമാണ്.

- കമ്മിറ്റി 90 ദിവസത്തിനകം പരാതിയിന്മേലുള്ള അന്വേഷണം പൂർത്തിയാക്കണം. അന്വേഷണം പൂർത്തിയായാൽ ആയതിന്റെ റിപ്പോർട്ട് തൊഴിൽ ദാതാവിനോ ജില്ലാ ഓഫീസർക്കോ ആർക്കാണ് എങ്കിൽ അയാൾക്ക് അയച്ചു കൊടുക്കേണ്ടതും അവർ റിപ്പോർട്ടിന്മേൽ 60 ദിവസത്തിനകം നടപടി സ്വീകരിക്കാൻ ബാധ്യസ്ഥരുമാണ്.

- നിയമപ്രകാരമുള്ള അന്വേഷണ പ്രക്രിയ രഹസ്യമായിരിക്കേണ്ടതും രഹസ്യസ്വഭാവം ലംഘിക്കുന്ന പക്ഷം ആ വ്യക്തിക്ക് 50,000/- രൂപ പിഴ ശിക്ഷ നൽകാനും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഷി ബോക്സിന്റെ പ്രധാന സവിശേഷതകൾ

✓ വാചികമായ പരാതികളോട് സംവേദിക്കാനുള്ള വേദി. ചോദ്യം ചോദിക്കുന്നു, നിർദ്ദേശം നൽകുന്നു.

✓ അനുപേഷണീയമായ വിഭവങ്ങൾ, വിജ്ഞാനപ്രദമായ വീഡിയോകൾ, തൊഴിലിടങ്ങളിലെ ലൈംഗിക പീഢനം മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാൻ ജീവനക്കാരെയും തൊഴിൽ ദാതാവിനേയും സഹായിക്കാൻ ഉതകുന്ന പരിശീലനം നൽകുന്ന സ്ഥാപനങ്ങളെ പട്ടികപ്പെടുത്തിയത്

നിങ്ങൾ പീഡനത്തിന് വിധേയമായിട്ടുണ്ടെങ്കിൽ നിങ്ങൾക്ക്:

- ✓ ചുറ്റുമുള്ള (സുഹൃത്തുകൾ അല്ലെങ്കിൽ അപരിചിതർ)വരിൽ നിന്ന് സഹായം തേടാം
- ✓ സമൂഹത്തിൽ വെച്ചാണ് പീഢനം നടന്നതെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയോട് അല്ലെങ്കിൽ അത് പോലുള്ള നിയമസ്ഥാപനങ്ങളോട് പരാതിപ്പെടാം
- ✓ അടിയന്തിരമായി പോലീസിൽ പരാതിപ്പെടാം, പൊതു സ്ഥലത്ത് വെച്ചാണെങ്കിൽ വനിതാ കമ്മിറ്റികളിൽ പരാതി രജിസ്റ്റർ ചെയ്യാം.

ജന്റർ പക്ഷപാത തെരഞ്ഞെടുത്ത ലിംഗ നശീകരണം (ജന്റർ ബേയ്സ്ഡ് സെക്സ് സെലക്ടീവ് എലിമിനേഷൻ GBSS)

- ഗർഭധാരണ സമയത്തോ അതിന് ശേഷമോ കൃത്രിമമായ ഏതെങ്കിലും മാർഗം ഉപോഗിച്ച് കുട്ടിയുടെ ലിംഗം തെരഞ്ഞെടുക്കാനുള്ള ഏതൊരു പ്രവർത്തനവും ലിംഗ നിർണ്ണയമാണ്.
- പെൺകുഞ്ഞ് ജനിക്കുന്നത് തടയാനായി പ്രസവത്തിന് മുമ്പുള്ള ലിംഗ നിർണ്ണയത്തിലൂടെ പെൺഭ്രൂണത്തെ തെരഞ്ഞുപിടിച്ച് ഗർഭചിദ്രം നടത്തുന്നു.
- നവജാതയായ പെൺകുട്ടികളെ മനപ്പൂർവ്വംകൊല ചെയ്യുന്നത് പെൺ ശിശുഹത്യ എന്നറിയപ്പെടും

ജന്റർ പക്ഷപാതം മൂലം തെരഞ്ഞെടുത്തുള്ള ലിംഗ നശീകരണത്തിനെതിരെയുള്ള നിയമവ്യവസ്ഥകൾ

- ഗർഭഛിദ്ര നിയമം, 1971 (2002 ൽ ഭേദഗതി ചെയ്തത്)
- ഗർഭധാരണത്തിന് മുമ്പും ഗർഭാവസ്ഥയിലുമുള്ള പരിശോധന (ലിംഗനിർണ്ണയ നിരോധന) നിയമം 1994
- 1971 ലെ ഗർഭഛിദ്ര നിയമം (2002 ൽ ഭേദഗതി ചെയ്തത്) മാനസികവും വൈദ്യശാസ്ത്രപരവുമായ കാരണങ്ങളാൽ രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് ചില സമയത്ത് ഗർഭഛിദ്രം നടത്താൻ അനുവാദമുണ്ട്

ഗർഭധാരണത്തിന് മുമ്പും ഗർഭാവസ്ഥയിലുമുള്ള പരിശോധന (ലിംഗനിർണ്ണയ നിരോധന) നിയമം 1994

ഗർഭധാരണത്തിന് മുമ്പോ പിമ്പോ ലിംഗ നിർണ്ണയം നടത്തുന്നത് നിരോധിക്കുകയും പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന രീതിയിൽ ലിംഗനിർണ്ണയത്തിനായി ഗർഭാവസ്ഥയിൽ പരിശോധന സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നു.

താഴെ പറയുന്ന വ്യവസ്ഥകൾ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

- ജനനത്തിന് മുമ്പ് ഒരു കുട്ടിയുടെ ലിംഗ നിർണ്ണയം നടത്തുന്നത് നിയമപ്രകാരം 3 വർഷം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്
- അച്ഛൻ, അമ്മ, ഭാര്യയുടെയോ ഭർത്താവിന്റെയോ ബന്ധു ഉൾപ്പടെ നിയമം ലംഘിക്കുന്ന കുടുംബത്തിലെ ഏതൊരു അംഗവും ശിക്ഷിക്കപ്പെടാം.
- ലിംഗനിർണ്ണയ റിപ്പോർട്ട് ചോർത്തി കൊടുക്കുന്ന ഡോക്ടറേയോ സഹായിയേയോപോലും നിയമപ്രകാരം ശിക്ഷിക്കാം
- നിയമം നടപ്പാക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലെയും ആരോഗ്യവകുപ്പ് "ഒരു ഉചിതമായ അധികാരിയെ" നിയമിക്കണം.
- **1961 ലെ പ്രസവാനുകൂല്യ നിയമം (2017 ൽ ഭേദഗതി ചെയ്തത്)**

- വ്യവസായ, വാണിജ്യ, കാർഷികമായതോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും സ്ഥാപനങ്ങളുടെ വിഭാഗങ്ങൾക്കും ഈ നിയമം ബാധകമാണ്
- പ്രസവത്തിന് മുമ്പ പിമ്പും നിർദ്ദിഷ്ട കാലയളവിൽ ചില സ്ഥാപനങ്ങളിലെ സ്ത്രീകളുടെ ജോലി ക്രമീകരിക്കുന്നതിനം അവർക്ക് മാതൃത്വ അവകാശവും അത് പോലുള്ള മറ്റ് അവകാശങ്ങളും ലഭ്യമാക്കുന്നതിനുമുള്ള ഒരു നിയമം

2017 ലെ പ്രസവാനുകൂല്യ ഭേദഗതി നിയമം പ്രസവാവധി 12 ആഴ്ചയിൽ നിന്ന് 26 ആഴ്ചയായി വർദ്ധിപ്പിച്ചു

2017 ലെ പ്രസവാനുകൂല്യ (ഭേദഗതി) നിയമത്തിലെ പ്രധാന സവിശേഷതകൾ

- പ്രസവാവുധി 12 ആഴ്ച്ചയിൽ നിന്ന് 26 ആഴ്ച്ചയായി ഈ നിയമം വർദ്ധിപ്പിച്ചു.
- മൂന്ന് വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെ ദത്തെടുക്കുന്ന സ്ത്രീക്കും 'ഏർപ്പാടാക്കിയ മാതാവിനും' (കമ്മീഷനിംഗ് മദർ-വാടകഗർഭധാരണത്തിൽ ആർക്ക് വേണ്ടിയാണോ ഗർഭം ധരിച്ചത് അവർ) 12 ആഴ്ച്ച വരെ പ്രസവാവുധി.
- ദത്തെടുത്ത അല്ലെങ്കിൽ ഏർപ്പെടാക്കിയ മാതാവിന് കുഞ്ഞിനെ കൈമാറുന്നത് മുതലാണ് പ്രസവാവധി കണക്കാക്കുക.
- 50ഓ അതിലധികമോ ജീവനക്കാരുള്ള ഏതൊരു സ്ഥാപനവും നിർദ്ദിഷ്ട അകലത്തിനുള്ളിൽ ക്രഷ് സൗകര്യം ഒരുക്കണം. ദിവസത്തിൽ നാലു തവണ ക്രഷ് സന്ദർശിക്കാൻ അമ്മക്ക് അനുവാദം നൽകണം.
- സാധ്യമാവുമെങ്കിൽ ഒരു സ്ത്രീക്ക് വീട്ടിൽ നിന്ന് ജോലി ചെയ്യാൻ തൊഴിൽ ദാതാവിന് അനുമതി നൽകാം.

<u>1984ലെ ഏറ്റവും കുറഞ്ഞ വേതന നിയമം</u>

- തൊഴിലാളിക്ക് ഏറ്റവും കുറഞ്ഞ ഉപജീവനവേതനം ഉറപ്പാക്കാനും ചുരുങ്ങിയ കൂലി നൽകിയും അധിക ജോലി ചെയ്യിച്ചും തൊഴിൽ ചൂഷണം ചെയ്യുന്നത് തടയാനായി പട്ടിക ജോലികൾക്ക് കുറഞ്ഞ വേതനം നിശ്ചയിക്കാനും നടപ്പിലാക്കാനും വ്യവസ്ഥ ചെയ്യുക എന്നതാണ് ഈ നിയമത്തിന്റെ മുഖ്യലക്ഷ്യം
- പട്ടികയിലെ എല്ലാ തൊഴിലുകളിലും ഏർപ്പെട്ട അവിദഗ്ധരും അർദ്ധവിദഗ്ധരും വിദഗ്ധരുമായ ശാരീരിക ജോലിയോ ക്ലറിക്കൽ ജോലിയോ ചെയ്യുന്ന എല്ലാ പുരുഷ സ്ത്രീ തൊഴിലാളികൾക്കും ഈ നിയമം ഒരു പോലെ ബാധകമാണ്. ഈ നിയമം കടകൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകളിലെ തൊഴിൽ എന്നിവയ്ക്ക് ബാധകമല്ല.
- വ്യത്യസ്ഥ കാലഘട്ടത്തിൽ തങ്ങളുടെ അധികാര പരിധിക്കുള്ളിൽവരുന്ന പട്ടികപ്പെടുത്തിയ തൊഴിലുകൾക്ക് കേന്ദ്രത്തിലും സംസ്ഥാനത്തുമുള്ള അതാത് സർക്കാരുകൾ ചുരുങ്ങിയ വേതനം നിശ്ചയിക്കണമെന്ന് ഈ നിയമം അനുശാസിക്കുന്നു.
- ചുരുങ്ങിയ വേതനം ബാധകമായ തൊഴിലുകളുടെ പട്ടികയിൽ ഉൾപ്പെടേണ്ട തൊഴിലുകളുടെ ലിസ്റ്റ് നിയമത്തിൽ പ്രതിപാദിക്കുകയും അവ കേന്ദ്ര /സംസ്ഥാന സർക്കാരുകൾ യഥാക്രമം പ്രസിദ്ധപ്പെടുത്തുകയും വേണം.

- ഒരു പ്രത്യേക തൊഴിലിൽ ഒരു സംസ്ഥാനത്ത് ഒരായിരത്തിലധികം തൊഴിലാളികൾ പ്രവൃത്തി എടുക്കുന്നുണ്ടെങ്കിൽ മാത്രമേ സംസ്ഥാനം ചുരുങ്ങിയ വേതനം പ്രസിദ്ധം ചെയ്യേണ്ടതുള്ളൂ

ക്രിമിനൽ (ഭേദഗതി) നിയമം 2013

- ക്രിമിനൽ നിയമം എന്ന് പൊതുവായി അറിയപ്പെടുന്ന ഇന്ത്യൻ ശിക്ഷാ നിയമം, ഇന്ത്യൻ തെളിവ് നിയമം, 1973 ലെ ക്രിമിനൽ നടപടി നിയമം എന്നിവയിൽ ലൈംഗിക കുറ്റങ്ങൾക്കുള്ള ഭേദഗതിയാണ് 2013 ക്രിമിനൽ (ഭേദഗതി) നിയമം സാധ്യമാക്കിയത്. സ്ത്രീയുടെ അവസ്ഥമൂലം പ്രതിപാദിക്കുന്നതാണ് ഈ നിയമം.

- സ്ത്രീക്കെതിരായ ലൈംഗികാതിക്രമങ്ങളുടെ വിശാലമായ ശ്രേണി ഉൾപ്പെടുത്തി നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തുക എന്നതാണ് ഈ ഭേദഗതിയുടെ ലക്ഷ്യം. സ്ത്രീക്ക് കൂടുതൽ സുരക്ഷിതമായ ചുറ്റുപാട് ഉണ്ടാക്കുന്നതിനായി തെളിവിന്റെ ഭാരം ഈ ഭേദഗതി മാറ്റുകയും ചെയ്തു.

കുറ്റവും ശിക്ഷയും

ആസിഡ് ആക്രമണം (വ-326 എ)	പത്ത് വർഷത്തിൽ കുറയാത്തതും ജീവപരന്ത്യം വരെ ദീർഘിപ്പിക്കാവുന്നതുമായ തടവും ചികിത്സാ ചെലവ് വഹിക്കാൻ പര്യാപ്തവും ന്യായവുമായതും ഇരക്ക് നൽകേണ്ടതുമായ പിഴയും ഈ നിയമപ്രകാരം (ജന്റർ പക്ഷപാതത്വമില്ലാത്തത്)
ആസിഡ് ആക്രമണത്തിനുള്ള ശ്രമം (വ-326 സി)	അഞ്ച് വർഷത്തിൽ കുറയാത്തതും ഏഴ് വർഷം വരെ ദീർഘിപ്പിക്കാവുന്നതുമായ ജയി ൽശിക്ഷയും പിഴയും. ഈ നിയമവും ജന്റർ പക്ഷപാതത്വമില്ലാത്തതുമാണ്
ലൈംഗികാതിക്രമം വ-354 എ (സ്ത്രീക്ക് മാത്രമുള്ള സംരക്ഷണം)	(i),(ii),(iii)ഉപവകുപ്പുകളിൽ പറയുന്ന ലൈംഗികാ തിക്രമത്തിനുള്ള ശിക്ഷ 5 വർഷം വരെ കഠിന തടവോ പിഴയോ രണ്ടും ഒരുമിച്ചോ മറ്റ് സാഹ ചര്യത്തിൽ ഒരു വർഷം വരെ തടവോ പിഴയോ രണ്ടും ഒരുമിച്ചോ
പൊതുസ്ഥലത്തെ വസ്ത്രാക്ഷേപം (വകുപ്പ് 354 ബി)-ഏതൊരു സ്ത്രീയെയും പൊതു സ്ഥലത്ത് വെച്ച് നഗ്നയാകുവാൻ നിർബ ന്ധിക്കുന്നതോ സ്ഥാന ഭ്രംശം വരുത്തുവാനുള്ള ഉദ്ദേശത്തോടെയുള്ള കയ്യേറ്റവും കുറ്റകരമായ ബലപ്രയോഗമോ അതിനായുള്ള പ്രേരിപ്പിക്കലോ നടത്തുന്നതിന് സ്ത്രീക്കുള്ള സംരക്ഷണം	മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴ് വർഷം വരെയാകാവുന്നതുമായ തടവും പിഴയും

ഒളിഞ്ഞു നോട്ടം (വകുപ്പ് 354 സി) സ്ത്രീക്ക് മാത്രമുള്ള പരിരക്ഷ. സ്വകാര്യമായി സ്ത്രീകളെ നിരീക്ഷിക്കുന്നത് അത് സ്ത്രീകളുടെ സ്വകാര്യതയെ ഹനിക്കുന്ന രൂപത്തിൽ അവർ സ്വകാര്യത പ്രതീക്ഷിച്ച് അടിവസ്ത്രങ്ങളോടെയുള്ളപ്പോൾ അവരുടെ ലൈംഗികാവയങ്ങളേയും അരക്കെട്ടിനേയും സ്തനങ്ങളേയും നിരീക്ഷിക്കുന്നത് അല്ലെങ്കിൽ ഇര കക്കൂസ് ഉപയോഗിക്കുമ്പോൾ അല്ലെങ്കിൽ പരസ്യമല്ലാത്ത ലൈംഗിക പ്രവർത്തികൾ ഒളിഞ്ഞു നോക്കൽ എന്നിവ നിരോധിത പ്രവർത്തിയുടെ നിർവ്വചനത്തിൽ വരുന്നു.	ആദ്യ തവണ കുറ്റം ചെയ്താൽ ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷം വരെയാകാവുന്നതുമായ തടവും, പിഴയും, രണ്ടാം തവണ കുറ്റം ചെയ്യുന്നപക്ഷം മൂന്ന് വർഷത്തിൽ കുറയാത്തതും ഏഴ് വർഷം വരെയാകാവുന്നതുമായ തടവും പിഴയും.
പുറകെ നടക്കൽ (354ഡി) പുരുഷൻ പുറകെ നടക്കുന്ന സ്ത്രീക്ക് മാത്രം പരിരക്ഷ. ഏതൊരു പുരുഷനും ഒരു സ്ത്രീയുടെ വ്യക്തമായ അപ്രീതിയെ അവഗണിച്ചു കൊണ്ട് വ്യക്തി ബന്ധം സ്ഥാപിച്ചെടുക്കണമെന്ന ഉദ്ദേശത്തോടെ അവരെ നിരന്തരം പിന്തുടരുകയും നിരീക്ഷിക്കുകയും ചെയ്യുക അല്ലെങ്കിൽ ഇന്റർനെറ്റോ ഇ-മെയിലോ മറ്റേതെങ്കിലും ഇലക്ട്രോണിക് സംവിധാനമോ ഉപയോഗിച്ചുള്ള ഇത്തരം പ്രവർത്തികൾ	ആദ്യ തവണ കുറ്റം ചെയ്താൽ ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷം വരെയാകാവുന്നതുമായ തടവും, പിഴയും. തുടർന്നുള്ള കുറ്റാരോപണത്തിന്മേൽ അഞ്ച് വർഷം വരെയാകാവുന്നതുമായ തടവും പിഴയും.

മനുഷ്യകടത്ത് (370) ചൂഷണത്തിനായി (ശാരീരികമോ ഏതെങ്കിലും വിധത്തിലുള്ള ലൈംഗികമോ ആയ) i. ഭീഷണിപ്പെടുത്തിയോ ii. ബലംപ്രയോഗിച്ചോ ഏതെങ്കിലും വിധത്തിൽ സമ്മർദ്ദം ചെലുത്തിയോ iii. തട്ടികൊണ്ടുപോയോ iv. ചതിച്ചോ വഞ്ചിച്ചോ v. അധികാര ദുർവിനിയോഗത്തിലൂടെയോ vi. തെരഞ്ഞെടുത്തതോ, കടത്തികൊണ്ടുപോയതോ, ഒളിപ്പിച്ചുവെച്ചതോ കൈമാറിയതോ സ്വീകരിച്ചതോ, ആയ വ്യക്തിയുടെ നിയന്ത്രണത്തിലുള്ള ആളുടെ സമ്മതം കിട്ടാനായി പണമോ മറ്റാനുകൂല്യങ്ങളും നൽകി പ്രലോഭിപ്പിച്ചതോ ഏതെങ്കിലും വ്യക്തിയേയോ വ്യക്തികളേയോ a) തെരഞ്ഞെടുക്കുന്നതും b) കടത്തികൊണ്ടു പോകുന്നതും c) ഒളിപ്പിച്ചു വെയ്ക്കുന്നതും d) കൈമാറുന്നതും അല്ലെങ്കിൽ e) സ്വീകരിക്കുന്നതുമായ ഏതൊരു വ്യക്തിയും മനുഷ്യകടത്ത് എന്ന കുറ്റം ചെയ്തതായി കണക്കാക്കപ്പെടും.	– മനുഷ്യകടത്ത് എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരൊകാവുന്നതുമായ കഠിന തടവും കൂടാതെ പിഴ ശിക്ഷക്കും അർഹനാണ്. – ഒന്നിൽ കൂടുതൽ പേരെ മനുഷ്യകടത്ത് നടത്തുന്ന കുറ്റത്തിന് പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തം വരെയാകുന്നതുമായ കഠിന തടവും കൂടാതെ പിഴയും ശിക്ഷിക്കാവുന്നതാണ്. – പ്രായപൂർത്തിയാവാത്തവർ ഉൾപ്പെടുന്ന കടത്തികൊണ്ട് പോവൽ കുറ്റത്തിന് പത്ത് വർഷത്തിൽ കുറയാത്തതും എന്നാൽ ജീവ പര്യന്തം വരെ ദീർഘിപ്പിക്കാവുന്നതുമായ കഠിന തടവും കൂടാതെ പിഴ ശിക്ഷക്കും അർഹമാണ്. – ഒന്നിൽ കൂടുതൽ പ്രായപൂർത്തിയാ വാത്ത വരെ കടത്തി കൊണ്ട് പോകുന്ന കുറ്റത്തിന് 14 വർഷത്തിൽ കുറയാത്തതും എന്നാൽ ജീവപര്യന്തംവരെയാക്കാവുന്ന തുമായ കഠിന തടവും കൂടാതെ പിഴയും ശിക്ഷിക്കാവുന്ന താണ്. – ഒന്നിൽ കൂടുതൽ തവണ പ്രായപൂർത്തിയാകാത്തവരെ കടത്തി കൊണ്ട് പോവുന്ന കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി സാധാരണമായ ശേഷിച്ച ജീവിതകാലം മുഴുവൻ തടവിൽ കഴിയും വിധമുള്ള ജീവപര്യന്തം തടവിനും കൂടാതെ പിഴ ശിക്ഷക്കും അർഹനാണ്. – ഒരു സർക്കാർ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ പോലീസ് ഓഫീസറൊ മനുഷ്യകടത്ത് കേസിൽ ഉൾപ്പെട്ടാൽ ആ വ്യക്തിയുടെ സാധാരണ ശിഷ്ട ജീവിതകാലം മുഴുവൻ എന്നർത്ഥമാക്കുന്ന ജീവപര്യന്തം തടവ് ശിക്ഷക്കും കൂടാതെ പിഴക്കും അർഹനാണ്.

ബലാൽസംഗ കേസുകളിൽ എന്തു ചെയ്യാം ?

– ഉടൻ തന്നെ എഫ്.ഐ.ആർ ഫയൽ ചെയ്യുകയും അതിന്റെ കോപ്പി സൗജന്യമായി കൈപ്പറ്റുകയും ചെയ്യുക.

– ഇര വിവരിക്കുന്ന അതേ രീതിയിൽ (വാക്കാൽ) പോലീസ് ഓഫീസർ പരാതി രേഖപ്പെടുത്തേണ്ടതും വായിച്ചു നോക്കാതെയോ കേൾക്കാതെയോ യതൊരു സ്റ്റേറ്റ്മെന്റും ഇര ഒപ്പിട്ടുകൊടുക്കാൻ പാടില്ലാത്തതുമാണ്.

– ഉടൻ തന്നെ ഇരയെ വൈദ്യപരിശോധനക്ക് വിധേമാക്കേണ്ടതാണ്

– വൈദ്യപരിശോധനക്ക് മുമ്പ് കുളിക്കാൻ പാടില്ല

- പീഡനസമയത്ത് ഇര ധരിച്ചിരുന്ന വസ്ത്രം സുരക്ഷിതമായി സൂക്ഷിക്കണം
- ഇരയെ സാമൂഹ്യപ്രവർത്തകയും കൗൺസിലറും സഹായിക്കേണ്ടതാണ്
- സ്ത്രീയോ പെൺകുട്ടിയോ അല്ലെങ്കിൽ അകമ്പടി സേവിക്കുന്നവരോ അല്ലെങ്കിൽ ഇരയുടെ കുടുംബാംഗങ്ങളോ വിവരം ധരിപ്പിക്കുന്ന ഏതൊരു പോലീസ് ഓഫീസറും പീഡന കുറ്റത്തിന്റെ എഫ്.ഐ.ആർ രേഖപ്പെടുത്താനും ഉടൻതന്നെ എന്നാൽ ഏതൊരു സാഹചര്യത്തിലും 24 മണിക്കൂറിനപ്പുറമാകാതെ ഇരയെ വൈദ്യപരിശോധനക്ക് ഹാജരാക്കാനും കടമാബന്ധിതനാണ്.
- പരാതി/പീഡനത്തിന്റെ പ്രഥമ വിവര റിപ്പോർട്ട് രേഖപ്പെടുത്താൻ വിസമ്മതിക്കുന്ന ഏതൊരു പോലീസ് ഓഫീസറും ശിക്ഷാർഹനാണ്.

1984ലെ കുടുംബകോടതി നിയമം

കുടുംബപരമായ വിഷയങ്ങളിലും വിവാഹത്തിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഉണ്ടാവുന്ന പരാതികളിൽ അനുരഞ്ജനം പ്രോത്സാഹിപ്പിക്കാനും വേഗത്തിലുള്ള തീർപ്പ് ഉറപ്പാക്കാനുമായി കുടുംബകോടതികൾ സ്ഥാപിക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

1990ലെ ദേശീയ വനിതാകമ്മീഷൻ നിയമം

ഒരു ദേശീയ വനിതാ കമ്മീഷൻ രൂപീകരിക്കാനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള നിയമം .

കമ്മീഷന്റെ ചുതലകൾ

1) ഇനി പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ചുമതലകൾ കമ്മീഷൻ നിർവ്വഹിച്ചിരിക്കണം

(എ) ഭരണഘടനയും മറ്റ് നിയമങ്ങളും സ്ത്രീകൾക്ക് നൽകിയിട്ടുള്ള സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക

(ബി) ഇത്തരത്തിലുള്ള സുരക്ഷാപദ്ധതികളുടെ പ്രവർത്തന റിപ്പോർട്ടുകൾ വാർഷികമായും അല്ലെങ്കിൽ കമ്മീഷന് ഉചിതമായ സമയങ്ങളിലും കേന്ദ്ര സർക്കാരിന് സമർപ്പിക്കണം

(സി) ഇത്തരം സുരക്ഷാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കി സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുവാൻ കേന്ദ്രസർക്കാരിനോ ഏതെങ്കിലും സംസ്ഥാനത്തിനോ ഉള്ള ശുപാർശകൾ ഇത്തരം റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തണം.

(ഡി) കാലാകാലങ്ങളിൽ ഭരണഘടനയിലോ മറ്റ് നിയമങ്ങളിലോ സ്ത്രീകളെ ബാധിക്കുന്ന നിയമം അവലോകനം ചെയ്യുകയും ഇതിൽ ഭേദഗതികൾ ശുപാർശ ചെയ്യുകയും അതിലെ വീഴ്ചകളും അപര്യാപ്തതകളും വിട്ടു പോകലുകളും പരിഹരിക്കുന്നതിനുള്ള നിമയപരമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക

(ഇ) വകുപ്പ് തലങ്ങളിൽ ഭരണഘടനയുടെയും സ്ത്രീകളുടെയും ബന്ധപ്പെട്ട മറ്റ് നിയമങ്ങളുടെയും ലംഘനങ്ങൾക്ക് ഉചിതമായ നടപടികൾ കൈക്കൊള്ളുക

(എഫ്) പരാതികൾ പരിശോധിക്കുകയും ഇനി പറയുന്നവയുമായി ബന്ധപ്പെട്ടതാണെങ്കിൽ സ്വമേധയാ നോട്ടീസ് നൽകുകയും

i. സ്ത്രീകളുടെ അവകാശങ്ങൾ ലംഘിക്കൽ

ii. സ്ത്രീകൾക്ക് സംരക്ഷണം നൽകാനും അതുപോലെ തന്നെ സമത്വത്തിന്റെയും വികസനത്തിന്റെയും ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള നിയമങ്ങൾ നടപ്പാക്കാതിരിക്കൽ

iii. കഠിനാധ്വാനം കുറക്കാനും സ്ത്രീകൾക്ക് ക്ഷേമവും ആശ്വാസവും നൽകാനും ലക്ഷ്യമിട്ടു കൊണ്ടുള്ള നയതീരുമാനങ്ങൾ, മാർഗ്ഗ നിർദ്ദേശങ്ങൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ അത്തരം ലംഘനങ്ങളിൽ നിന്ന് ഉണ്ടാവുന്ന പ്രശ്നങ്ങൾ ഉചിതമായഅധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണം

(ജി) സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ഉയരുന്ന പ്രത്യേക പ്രശ്നങ്ങളോ ചുറ്റുപാടുകളോ പ്രത്യേകമായി പഠിക്കുകയോ അന്വേഷിക്കുകയോ ചെയ്യുകയും ഇതിന് പ്രേരകമായ വസ്തുകൾ തിരിച്ചറിയുകയും അവ നീക്കം ചെയ്യാൻ തന്ത്രം ശുപാർശ ചെയ്യുകയും വേണം

(എച്ച്) പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറ്റെടുക്കുകയും അതു വഴി എല്ലാ മേഖലകളിലും സ്ത്രീകൾക്കുള്ള പ്രാതിനിധ്യം ഉറപ്പാക്കാനുള്ള വഴികൾ നിർദ്ദേശിക്കാനും ഭവന- അടിസ്ഥാനസേവനങ്ങളുടെ അഭാവം, അപര്യാപ്തമായ പിന്തുണ സേവനങ്ങളും, ജോലിയിലെ കഠിനാധ്വാനവും ജോലി സംബന്ധമായ ആരോഗ്യ അപകടങ്ങളും കുറക്കാനും അവരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉള്ള സാങ്കേതിക വിദ്യകളുടെ അഭാവം പോലെ അവയുടെ മുന്നേറ്റത്തിന് തടസ്സമാവുന്ന ഘടകങ്ങളെ തിരിച്ചറിയുക

(എഫ്) വനിതകളുടെ സാമൂഹ്യ-സാമ്പത്തിക വികസന നടപടിക്രമങ്ങളുടെ ആസൂത്രണത്തിൽ പങ്കെടുക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്യുക

(ഐ) യൂണിയനോ അല്ലെങ്കിൽ എതെങ്കിലും സംസ്ഥാന സർക്കാരിനോ കീഴിൽ വനിതകളുടെ വികസന നടപടിക്രമങ്ങൾ വിലയിരുത്തുക

(ജെ) ജയിൽ, റിമാൻഡ് ഹോം, സ്ത്രീകളുടെ സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്ത്രീകളെ ജയിൽപുള്ളിയായോ മറ്റേതെങ്കിലും വിധത്തിലോ കസ്റ്റഡിയിൽ വെച്ചിരിക്കുന്ന മറ്റ് സ്ഥലങ്ങൾ പരിശോധിക്കുകയോ അല്ലെങ്കിൽ പരിശോധിക്കാനുള്ള കാരണങ്ങൾ ഉണ്ടാവുകയോ ആണെങ്കിൽ ആവശ്യമെങ്കിൽ ബന്ധപ്പെട്ട അധികാരികൾക്ക് പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യുക

(കെ) സ്ത്രീകൾക്കെതിരെയുള്ള വൻസംഘവുമായി ബന്ധപ്പെട്ട കേസുകൾക്ക് ധനസഹായം നൽകുക

(എൽ) സ്ത്രീകളുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നങ്ങളിലും പ്രത്യേകിച്ച് സ്ത്രീകൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകളിലും സർക്കാരിന് കാലാനുസൃതമായി റിപ്പോർട്ട് നൽകുക

(എം) കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്യേണ്ട മറ്റേതെങ്കിലും വിഷയങ്ങൾ

1956 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമം

ഭർത്താവിന്റെ മരണശേഷം സ്ത്രീക്ക് സ്വത്തിന്മേൽ പൂർണ്ണ അവകാശം ഈ നിയമം വ്യസ്ഥ ചെയ്യുന്നു.

വിവാഹ നിയമങ്ങൾ

വിവാഹ വ്യവസ്ഥിതി നിയന്ത്രിക്കുന്നതിനായി ഇന്ത്യൻ ശിക്ഷാനിയമം അനേകം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. വിവാഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1955ലെ ഹിന്ദു വിവാഹനിയമം

- ശരിയായ ആചാരങ്ങൾ പാലിച്ചു കൊണ്ട് നടത്തപ്പെടുന്നതാണെങ്കിലും എല്ലാ ഹിന്ദു വിവാഹങ്ങളും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്.
- ഒരു ഹിന്ദുവിവാഹം കീഴ്വഴക്കവും സപ്തപദി ഉൾപ്പെടെയുള്ള ആചാരങ്ങളും പ്രകാരം നടത്താവുന്നതും ഏഴാമത്തെ പാദം വെയ്ക്കുന്നതോടെ വിവാഹം പൂർണ്ണവും സാധുവായതുമാകുന്നു.
- ഹിന്ദുമതാചാര പ്രകാരമുള്ള വ്യവസ്ഥകൾ

സാധുവായ വിവാഹം	നിരോധനങ്ങൾ	വിവാഹമോചനത്തിനുള്ള കാരണങ്ങൾ
• വിവാഹസമയത്ത് വരന് 21 വയസും വധുവിന് 18 വയസും പൂർത്തിയായിരിക്കണം • വിവാഹസമയത്ത് രണ്ട് പേർക്കും ജീവിച്ചിരിക്കുന്ന ജീവിത പങ്കാളി ഉണ്ടാവാൻ പാടില്ല • ആചാരപ്രകാരം അനുവദനീയമല്ലെങ്കിൽ രണ്ട് പേരും നിരോധിത രക്തബന്ധ ത്തിനകത്ത് വരുന്നവരാകരുത് • ആചാരമോ കീഴ്വഴക്കമോ പ്രകാരം അനുവദനീയമല്ലെങ്കിൽ രണ്ട് പേരും സപിണ്ഡത്തിൽപ്പെടുന്നവരാകരുത്	• മാതാവും പുത്രനും പിതാവും മകളും സഹോദരനും സഹോദരിയും പോലുള്ള വിശുദ്ധ ബന്ധത്തിൽപ്പെട്ടവർ തമ്മിൽ വിവാഹിതരാവുന്നത് സ്വീകാര്യമല്ല • ദ്വിഭാര്യത്വവും ബഹുഭാര്യാത്വവും നിരോധിച്ചിരിക്കുന്നു • പുനർവിവാഹത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട പങ്കാളി ആദ്യ വിവാഹമോചനം നേടേണ്ടതും ഇതിന് ശേഷം മാത്രം പുനർവിവാഹം നടത്തേണ്ടതുമാണ്	• രണ്ട് വർഷമോ അതിൽ കൂടുതലോ കാലം വേർപിരിഞ്ഞ് ജീവിക്കൽ • മതപരിവർത്തനം നടത്തി ഹിന്ദു അല്ലാതായിതീരൽ • ചിത്തഭ്രമം, ലൈംഗിക രോഗങ്ങൾ • കുഷ്ഠരോഗം • ഭർത്താവ് വീണ്ടും വിവാഹം കഴിക്കുകയോ അല്ലെങ്കിൽ ബലാൽ സംഘത്തിനോ അല്ലെങ്കിൽ പ്രകൃതിവിരുദ്ധ ബന്ധത്തിനോ മൃഗങ്ങളുമായി സംഭോഗത്തിനോ ശിക്ഷിക്കപ്പെട്ട ആളാണെങ്കിലോ ഭാര്യക്ക് വിവാഹമോചനം ആവശ്യപ്പെടാവുന്നതാണ്. • നവവധുവരന്മാർക്ക് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ വിവാഹമോചനത്തിന് ഹർജ്ജി ബോധിപ്പിക്കാവുന്നതല്ല.

<u>1954ലെ പ്രത്യേക വിവാഹനിയമം</u>

- 1954 പ്രത്യേക വിവാഹനിയമ പ്രകാരം നടക്കുന്ന വിവാഹങ്ങൾ ഒരു സിവിൽ കരാർ ആണ്. ഇതിന് യതൊരു ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ആവശ്യമില്ലാത്തതാണ്.

- വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന വധൂവരന്മാർ നിർദ്ദിഷ്ടഫോറത്തിലുള്ള നോട്ടീസ് രണ്ട് പേരിൽ ഒരാൾ നോട്ടീസ് തീയ്യതിക്ക് 30 ദിവസം മുമ്പ് വരെ താമസിച്ചിരുന്ന ജില്ലയിലെ വിവാഹ രജിസ്ട്രാർക്ക് നൽകണം

- നിർദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ് പ്രസിദ്ധം ചെയ്ത് 30 ദിവസം കഴിഞ്ഞാൽ യാതൊരാളും ഇത് സംബന്ധിച്ച് ആക്ഷേപമൊന്നും ബോധിപ്പിച്ചിട്ടില്ലെങ്കിൽ വിവാഹം നടത്തി കൊടുക്കാവുന്നതാണ്.

- (എ) എന്ന ഞാൻ (ബി) എന്ന നിങ്ങളെ എന്റെ നിയമാനുസൃതം ഭാര്യ(അല്ലെങ്കിൽ ഭർത്താവ്) യായി സ്വീകരിക്കുന്നു എന്ന രണ്ട് കക്ഷികളും വിവാഹഓഫീസറുടെയും മൂന്ന് സാക്ഷികളുടെയും മുമ്പാകെ പറയാത്ത പക്ഷം വിവാഹം കക്ഷികളെ ബാധിക്കുന്നതല്ല.

1872ലെ ഇന്ത്യൻ ക്രിസ്ത്യീയ വിവാഹ നിയമം

- ഈ നിയമപ്രകാരമുള്ള ഏതൊരു വിവാഹവും കാലത്ത് 6 മണിക്കും വൈകീട്ട് 7 മണിക്കും ഇടയിൽ നടത്തേണ്ടതാണ്.

- വിവാഹങ്ങളിൽ ഏർപ്പെടുന്നവർ വിവാഹം ഏതെങ്കിലും ഒരു പ്രത്യേക പള്ളിയിൽ വെച്ച് നടത്തേണ്ടതാണെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നോട്ടീസ് നൽകിയ പള്ള വികാരി പ്രസ്തുത നോട്ടീസ് പ്രകാരമുള്ള പള്ളിയിലെ എളുപ്പം കാണത്തക്ക സ്ഥലത്ത് പതിപ്പിക്കേണ്ടതാണ്.

- വികാരി നൽകിയ സാക്ഷ്യപത്രത്തിന്റെ തീയതി മുതൽ രണ്ട് മാസത്തിനകം വിവാഹം നടത്തപ്പെടാത്ത പക്ഷം പ്രസ്തുത സാക്ഷ്യപത്രവും അതിൻപ്രകാരമുള്ള നടപടിക്രമങ്ങളും (ഏതെങ്കിലുമുണ്ടെങ്കിൽ) അസാധുവാകുന്നതും പുതിയ നോട്ടീസ് നൽകുകയും സാക്ഷ്യപത്രം പുറപ്പെടുവിക്കുകയും ചെയ്യുന്നതുവരെ യാതൊരാളും പ്രസ്തുത വിവാഹം നടത്താൻ പാടില്ലാത്തതുമാണ്.

1936ലെ പാഴ്സി വിവാഹവും വിവാഹമോചനവും നിയമം

- പാഴ്സി വിവാഹങ്ങൾ ആശിർവാദ് പാരമ്പര്യപ്രകാരം പാഴ്സി പുരോഹിതന്റെയോ പാഴ്സി ദസ്തൂരുടെയോ (Daster) മോബദ് (Mobed) ന്റെയോ സാന്നിധ്യത്തിൽ വെച്ചു വേണം നടത്താൻ.

- വിവാഹം നടത്തുന്ന പാഴ്സി പുരോഹിതൻ/ദാസ്തൂർ/മൊബദ് പുരോഹിതനും വധൂവരന്മാരും രണ്ട് സാക്ഷികളും ഒപ്പിട്ട ഒരു സാക്ഷ്യപത്രം നൽകേണ്ടതാണ്.

- എല്ലാ പാഴ്സി/ഇറാനി/സൗരാഷ്ട്രീയ വിവാഹങ്ങളും വിവാഹരജിസ്റ്റോർ മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യാഞ്ഞാൽ പിഴ്ക്കും തടവു ശിക്ഷക്കും വരെ ഇട വരുത്തും.

- 21 വയസ്സ് പാഴ്സി പുരുഷനും 18വയസ്സ് പാഴ്സി സ്ത്രീക്കും ഉണ്ടെങ്കിൽ മാത്രമേ വിവാഹിതരാവാൻ പാടുള്ളൂ.

- രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം അനുവദനീയമല്ല.

- ദ്വിഭാര്യത്വവും ബഹുഭാര്യത്വവും അനുവദനീയമല്ല

ഇന്ത്യൻ മുസ്ലീം വിവാഹനിയമം

മുസ്ലീം വിവാഹം മുസ്ലീം വിവാഹ നിയമങ്ങൾക്കടിസ്ഥാനമാക്കിയാണ്. മുസ്ലീം വരനും വധുവും തമ്മിലുള്ള വിവാഹം അല്ലെങ്കിൽ നിക്കാഹ് വരനും വധുവും സമ്പാധിച്ച ഒരു സിവിൽ കരാറാണ്.

- ഒരു മുസ്ലീം വിവാഹത്തിൽ ഒരു കക്ഷിയുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശിക്കലും (ഇജാസ്)മറ്റേയാളുടെ സ്വീകരിക്കലും (കബൂൽ)ഉണ്ട്.

- വിവാഹം നടക്കാൻ ഒരു ഖാസിയുടെ ആവശ്യമില്ല. നിയമപ്രകാരം രണ്ട് പ്രായപൂർത്തിയായവരുടെ സാന്നിധ്യത്തിൽ നിർദ്ദേശവും (ഇജാബ്) സ്വീകരിക്കലും (കബൂൽ) നിയമാനുസൃതമായ ഒരു വിവാഹത്തിന് യോഗ്യമാണ്.

ഇന്ത്യൻ മുസ്ലിം വിവാഹപ്രകാരമുള്ള വിലക്കുകൾ

മുസ്ലീം വിവാഹം അനുവദനീയമല്ല

- രണ്ട് സഹോദരിമാർ തമ്മിൽ
- ഒരു വളർത്തമ്മയുമായി
- ഒരാൾക്ക് നിലവിൽ നാല് ഭാര്യമാരുണ്ടെങ്കിൽ
- സ്ത്രീയും പുരുഷനും മുമ്പ് വിവാഹിതരായവരും പിന്നീട് വിവാഹമോചിതരുമാണ്, എന്നാൽ സ്ത്രീ പുനർവിവാഹം ചെയ്തിട്ടില്ല.

കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ

2012 ലെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം

- ഈ നിയമപ്രകാരം കുട്ടി എന്നാൽ 18 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയുമാണ്
- ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഇന്ത്യ മുഴുവനും വ്യാപ്തിയുണ്ടായിരിക്കും
- ലൈംഗിക ആക്രമണം, ലൈംഗികപീഢനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും. അങ്ങനെയുള്ള കുറ്റങ്ങളുടെ വിചാരണക്ക് വേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും വേണ്ടിയാണ് ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷനിയമം (പോക്സോ)
- കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളെ ഈ നിയമം തരം തിരിച്ച് അതിനുള്ള നടപടിക്രമങ്ങളും ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു

ലൈംഗിക കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യൽ

- ഒരു കുട്ടിക്കെതിരെ ലൈംഗിക കുറ്റം നടന്നാലോ അല്ലെങ്കിൽ നടക്കാൻ സാദ്ധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ ഏതൊരാൾക്കും (കുട്ടിയുൾപ്പടെ)അത്തരം അറിവ് പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റിനോ ലോക്കൽ പോലീസിനോ റിപ്പോർട്ട് ചെയ്യാവുന്നതാണ്.
- വിവരം പോലീസ് ഒരു പുസ്തകത്തിൽ രേഖപ്പെടുത്തി പരാതി അന്വേഷിക്കേണ്ടതാണ്.
- കുട്ടിക്ക് ചികിത്സയോ പ്രത്യേക കരുതലോ സംരക്ഷണമോ ആവശ്യമുള്ള പക്ഷം പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ ലോക്കൽ പോലീസോ റിപ്പോർട്ട് ലഭിച്ച് 24 മണിക്കൂറിനകം കുട്ടിയ്ക്കോ ആശുപത്രിയിലേ പ്രത്യേക ഷെൽട്ടർ ഭവനത്തിലേക്കോ കൊണ്ട് പോവണം.

- ഒരു കുറ്റകൃത്യം റിപ്പോർട്ട് ചെയ്യാൻ വീഴ്ചവരുത്തുകയോ വിവരം രേഖപ്പെടുത്താൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാളും 6 മാസം വരെയാകുന്ന തടവും പിഴയും അഥവാ രണ്ടും കൂടിയതോ ആയ ശിക്ഷക്ക് അർഹനാണ്.

- പ്രവേശിത ലൈംഗികാതിക്രമമോ, ഗൗരവതരമായ പ്രവേശിത ലൈംഗികാതിക്രമമോ ഗൗരവതരമായ ലൈംഗികാതിക്രമമോ നടന്നതായി ബോദ്ധ്യപ്പെട്ടാൽ കോടതിക്ക് കുറ്റാരോപിതൻ കുറ്റകാരനാണെന്ന് അനുമാനിക്കാവുന്നതാണ്.

- നിരപരാധിത്വം തെളിയിക്കേണ്ടത് കുറ്റാരോപിതനാണ്.

പോക്സോ -ഇ -ബോക്സ്

കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണം തടയാനുള്ള ഇന്ത്യയിലെ ആദ്യ ഓൺ ലൈൻ പരാതിപ്പെട്ടി

- കുറ്റം ചെയ്ത ആളെ ഏഴ് വർഷത്തിൽ കുറയാത്ത എന്നാൽ ജീവപര്യന്തം വരെ യാകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്.

- മാധ്യമത്തിലൂടെ കുട്ടിയുടെ പേര് വിവരം റിപ്പോർട്ട് ചെയ്യുന്നതും കുട്ടിയുടെ സ്വകാര്യതയിലേക്ക് കടന്നുകയറും വിധം അഭിപ്രായപ്രകടനം നടത്തുന്നതും ഒരു വർഷംവരെ തടവ് ശിക്ഷ അനുഭവിക്കാവുന്ന കുറ്റമാണ്.

കേസ്സുകൾ വിചാരണ നടത്തൽ

- എത്രയും വേഗം നീതി ലഭിക്കുന്നതിനും കുട്ടിയെ വീണ്ടും ഇരയാകുന്നത് തടയാനും കേസുകൾ പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയോഗിച്ച് പ്രത്യേക കോടതിയിൽ വിചാരണ ചെയ്യേണ്ടതാണ്.

- കുട്ടിയുടെ വ്യക്തിവിവരം വെളിപ്പെടാത്ത വിധം രഹസ്യവിചാരണയാണ് നടത്തേണ്ടത്

- കുറ്റകൃത്യം റിപ്പോർട്ട് ചെയ്യപ്പെട്ട് ഒരു വർഷത്തിനകം ഇത്തം കേസ്സുകൾ തീർപ്പാക്കേണ്ടതാണ്.

- കുറ്റവാളിയെ ശിക്ഷിക്കുന്നത് കൂടാതെ പ്രത്യേക കോടതിക്ക് കുട്ടിക്കുള്ള നഷ്ടപരിഹാരം നൽകാനുള്ള നിർദ്ദേശവും നൽകാം.

ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമം, 2015

- കുട്ടികളുടെ വികസന ആവശ്യങ്ങൾ സാധ്യമാക്കികൊണ്ട് കുട്ടികൾക്ക് ശരിയായ ശ്രദ്ധയും സംരക്ഷണവും ശുശ്രൂഷയും നൽകാനും കുട്ടികളുമായ ബന്ധപ്പെട്ട കാര്യങ്ങൾഅവരുടെ ഉത്തമ താൽപര്യപ്രകാരം ശിശുസൗഹൃദ സമീപനത്തിലൂടെ തീർപ്പാക്കാനും ഈ നിയമപ്രകാരം രൂപീകൃതമായ വിവിധ സ്ഥാപനങ്ങളിലൂടെ അവരുടെ ആത്യന്തികമായ പുനരധിവാസവും ഈ നിയമം ലക്ഷ്യമിടുന്നു.

- ഈ നിയമം നിയമവുമായി സംഘർഷത്തിലുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികളെയും ശ്രദ്ധയും സംരക്ഷണം ആവശ്യമുള്ളവരെയും സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അവരുടെ ഭാവിക്കും സുസ്ഥിരതിക്കും അനുയോജ്യമായ സൗകര്യങ്ങളിൽ കൊണ്ടു ചെന്നെത്തിച്ച് കുട്ടികളെ പുനരധിവസിപ്പിക്കാനും സമൂഹവുമായി ഉൾചേർക്കാനുമാണ് ഈ നിയമം വിഭാവനം ചെയ്യുന്നത്.

ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമം, 2015

❖ 2016 ജനുവരി 15 മുതൽ പ്രാബല്യം

❖ 16 വയസ്സിന് മുകളിലുള്ള കുട്ടികളുടെ ഹീനമായ കുറ്റങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക വ്യവസ്ഥകൾ

❖ അനാഥരും കയ്യൊഴിഞ്ഞവരും കീഴടങ്ങിയതുമായ കുട്ടികളെ ദത്തെടുക്കാനുള്ള നടപടികൾക്ക് ഐക്യരൂപം വരുത്താനായി ദത്തെടുക്കൽ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം

സംഘമായുള്ള പോറ്റിവളർത്തൽ ഉൾപ്പടെയുള്ള പോറ്റി വളർത്തലുകൾ(foster case) വീട്ടിൽ നിറുത്തി ധനസഹായം നൽകൽ (sponsorship) എന്നിങ്ങനെയുള്ള വിശദമായ പുനരധിവാസവും സാമൂഹികമായ ഉൾച്ചേർക്കലും

ഈ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടും –

- കുട്ടികളോടുള്ള ക്രൂരത(കുട്ടികളെ വിവാഹം ചെയ്ത് നൽകുന്നത് കുട്ടികളോടുള്ള ക്രൂരതയായി പരിഗണിക്കപ്പെടും).
- ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കുന്നതും വേല ചെയ്യിക്കുന്നതും.
- കുട്ടിക്ക് മദ്യം, പുകവലി, ലഹരിവസ്തുകൾ എന്നിവ നൽകൽ.
- മദ്യമോ മയക്ക് മരുന്നോ വില്ക്കുന്നതിനോ കൊണ്ടു നടന്ന് വിൽക്കുന്നതിനോ, വഹിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ അല്ലെങ്കിൽ കള്ളക്കടത്ത് നടത്തുന്നതിനോ കുട്ടികളെ ഉപയോഗിക്കൽ.
- ബാലവേലക്കാരെ ചൂഷണം ചെയ്യുക.
- നിർദ്ദിഷ്ടനടപടിക്രമങ്ങൾ പാലിക്കാതെ ദത്തെടുക്കുക.
- കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്യൽ.
- ശാരീരികശിക്ഷ (ദണ്ഡനം) നൽകൽ.
- തീവ്രവാദികളോ മുതിർന്നവരോ കുട്ടികളെ ഉപയോഗപ്പെടുത്തൽ.
- കുട്ടികളെ തട്ടികൊണ്ട് പോവുക, അപഹരിച്ച് കൊണ്ടുപോവുക.
- വിലാംഗരായ കുട്ടികളോടുള്ള കുറ്റങ്ങൾ.
- കുറ്റം ആരോപിച്ച് ഒരു കുട്ടിയെ പിടിക്കപ്പെട്ടാൽ ബന്ധപ്പെട്ട ഓഫീസറോ പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ എത്രയും വേഗം വിവരം മാതാപിതാക്കളെയോ രക്ഷിതാക്കളേയോ പ്രൊബേഷൻ ഓഫീസറെയോ ശിശുക്ഷേമ ഓഫീസറെയോ അറിയിക്കേണ്ടതാണ്.

- കുട്ടിയെ ജുവലൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കാൻ പോലീസ് ബാദ്ധ്യസ്ഥരാണ്. പോലീസോ,അഭിഭാഷകനോ പ്രൊഫഷൻ ഓഫീസറോ ഉൾപ്പെടെ മറ്റാരെങ്കിലുമോ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയോട് മോശം രീതിയിൽ പെരുമാറിയിട്ടില്ലെന്ന് ബോർഡ് ഉറപ്പാക്കുകയും വല്ല രീതിയിലുള്ള ദ്രോഹവും ഉണ്ടായിട്ടുണ്ടെങ്കിൽ പരിഹാരനടപടി കൈകൊള്ളുകയും വേണം.
- ബോർഡിന്റെ മുമ്പാകെ ഹാജരാക്കപ്പെട്ട ഏതൊരു കുട്ടിക്കും പറയാനുള്ളതു കേൾക്കാൻ അവസരം നൽകേണ്ടതും വിചാരണയിൽ ഭാഗഭാക്കേണ്ടതുമാണ്. നടപടികൾ കഴിയുന്നത്ര ലളിതമായ രീതിയിൽ ആയിരിക്കേണ്ടതും നടപടികളിൽ കുട്ടിക്ക് ഒരു ശിശു സൌഹൃദ അന്തരീക്ഷം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കുകയും വേണം.
- ലഘുവായ കുറ്റങ്ങൾ ചുമത്തപ്പെട്ട കേസുകൾ 1973ലെ ക്രിമിനൽ നടപടി ചട്ടങ്ങളിൽ പ്രതിപാദിച്ച വിധം ബോർഡ് സമ്മറി നടപടികളിലൂടെ തീർപ്പാക്കണം.
- ഗുരുതര കുറ്റങ്ങൾ സംബന്ധിച്ച വിചാരണ സമൻസ് കേസുകളിൽ സംബന്ധിച്ച 1973ലെ ക്രിമിനൽ നടപടി ചട്ടം പാലിച്ചുകൊണ്ട് ബോർഡ് പൂർത്തിയാക്കേണ്ടതാണ്.
- കരുതലും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും ശുശ്രൂഷയും, വികസനവും പുനരധിവാസവും സംബന്ധിച്ച കേസുകൾ തീർപ്പാക്കാനും അവരുടെ സംരക്ഷണത്തിനുള്ള പ്രാഥമിക ആവശ്യങ്ങൾ ലഭ്യമാക്കുവാനുള്ള അധികാരത്തോടുകൂടിയ ശിശു ക്ഷേമ സമിതികൾ എല്ലാ ജില്ലയിലും ഉണ്ടായിരിക്കേണ്ടതാണ്.

<u>1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം</u>

കുട്ടികൾ എല്ലാതരം തൊഴിലും എടുക്കുന്നത് നിരോധിക്കാനും കൌമാരപ്രായക്കാർ കഠിനാദ്ധ്വാനമുള്ള തൊഴിലിലും പ്രക്രിയയിലും ഏർപ്പെടുന്നത് വിലക്കാനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷാംഗികവുമായ ഒരു നിയമം.

നിയമത്തിലെ വ്യവസ്ഥകൾ

- 14 വയസ്സ് പൂർത്തിയാവാത്ത ഒരു കുട്ടിയേയും പതിനെട്ട് വയസ്സ് പൂർത്തിയാവാത്ത കൌമാരപ്രായക്കാരെയും താഴെ പറയുന്നതൊഴികെയുള്ള യാതൊരു തൊഴിലിലും പ്രക്രിയയിലും ഏർപ്പെടാനോ ജോലി ചെയ്യാനോ പ്രവർത്തിക്കാൻ അനുവദിക്കാനോ പാടില്ലാത്തതാകുന്നു.

  എ- പട്ടികയിൽ പറയുന്ന അപകടകരമായ തൊഴിലോ പ്രക്രിയയോ ഉള്ളതല്ലെങ്കിൽ സ്വന്തം കുടുംബത്തിലോ കുടുംബസംരംഭത്തിലോ അവധിക്കാലത്തോ വിദ്യാലയ സമയത്തിനുശേഷമോ സഹായിക്കൽ

  ബി- പരസ്യങ്ങൾ, ചലച്ചിത്രം, ടെലിവിഷൻ പരമ്പര തുടങ്ങിയ ദൃശ്യ-ശ്രവ്യ വ്യവസായം അല്ലെങ്കിൽ അതുപോലെയുള്ള മറ്റ് വിനോദങ്ങൾ എന്നിവയിൽ ഒരു കലാകാരനായി പ്രവർത്തിക്കുകയൊ നിശ്ചിത സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കസ് ഒഴികെയുള്ള മറ്റ് കായിക പരിപാടികളിൽ പങ്കെടുക്കുകയോ ചെയ്യുക.

  [നോട്ട്: ഇത്തരം പ്രവൃത്തികൾ കുട്ടിയുടെ സ്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കരുത്]

- ഒരു കൗമാരക്കാരനെയും അപകടകരമായ തൊഴിലിലോ പ്രക്രിയയിലോ ജോലിക്ക് വെക്കാനോ പ്രവർത്തിക്കാൻ അനുവദിക്കാനോ പാടില്ലാത്തതാകുന്നു. അതായത്, യഥാർത്ഥത്തിൽ ഒരു കുട്ടിയെ വീട്ടുവേലക്കാരനായോ പരിചാരകനായോ പോലും ജോലിക്ക് വെക്കരുത്. അവനെയോ/അവളെയോ ദാബ, റെസ്റ്റോറൻറ്, സ്പാ, റിസോർട്ട്, ഹോട്ടൽ, മോട്ടൽ, ചായക്കട അല്ലെങ്കിൽ മറ്റു വിനോദ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൊന്നും ജോലിക്ക് വെക്കാൻ കഴിയില്ല.
- ഗാരേജ്, വർക്ക്ഷോപ്പ്, കൈത്തറി പവർലൂം ഫാക്ടറികൾ, പ്ലാസ്റ്റിക്ക് യൂനിറ്റ്, ഫൈബർ ഗ്ലാസ് വർക്ക്ഷോപ്പ്, ഖനി, , ബീഡി തെറുപ്പ് , പരവതാനി നെയ്ത്ത്, സിമൻറ് നിർമ്മാണം, തുണി നെയ്ത്ത്,

ചായം പൂശൽ, അച്ചടി മുതലായവ. തീപ്പെട്ടി നിർമ്മാണം, പടക്കം മറ്റു സ്ഫോടക വസ്തുക്കൾ, മെക്ക മുറിക്കലും വിഭജിക്കലും, ഷെല്ലാക്ക്, സോപ്പ്, തോൽ ഉറക്കിടൽ, കമ്പിളി പൂത്തിയാക്കൽ, കെട്ടിട നിർമ്മാണം, സ്ലെയിറ്റ് പെൻസിൽ, വൈഡൂര്യ ഉല്പന്നങ്ങൾ, വിഷമയമായ ലോഹങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയ, അച്ചടി, കശുവണ്ടിയും കശുവണ്ടിപരിപ്പും, വിളക്കൽ, ചന്ദനതിരി നിർമ്മാണം, വാഹന റിപ്പയർ, വെൽഡിംഗ്, ലെയ്ത്ത് പണി, ഇഷ്ടികച്ചൂളയും മേച്ചിൽ ഓടും, പരുത്തി, റാട്ട്, സോപ്പ് പൊടി, ഫാബ്രിക്കേഷൻ, വർക്ക്ഷോപ്പ്, രത്നം മുറിക്കലും പോളീഷ് ചെയ്യലും, ക്രോമൈറ്റ് കൈകാര്യം ചെയ്യൽ, ചണം, പൂട്ട് നിർമ്മാണം, കയർ നിർമ്മാണം, ഗ്ലാസ്സ്, സിമന്റ് പൈപ്പ്, സിമന്റ് ഉൽപ്പന്നം, ഗ്ലാസ്, ഗ്ലാസ് പാത്രങ്ങൾ, ചായവും ചായക്കൂട്ടും, കീടനാശിനിയും അണുനാശിനിയും മുതലായവയിൽ അവരെ ജോലിക്ക് നിർത്താവുന്നതല്ല.

- ഒരു കുട്ടിയെ/കൗമാരപ്രായക്കാരനെ ജോലിക്ക് വെക്കുന്നതോ അല്ലെങ്കിൽ അപകടകരമായ തൊഴിലിലോ പ്രക്രിയയിലോ പ്രവർത്തിക്കാൻ അനുവദിക്കുന്നതോ ആറുമാസം മുതൽ രണ്ടു വർഷം വരെ തടവുശിക്ഷയും 20,000 രൂപ മുതൽ 50,000/- രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്ന കുറ്റമാണ്. ആവർത്തിച്ച് കുറ്റം ചെയ്യുന്നവർ 1 വർഷം മുതൽ 3 വർഷം വരെ തടവ് നൽകി ശിക്ഷിക്കപ്പെടും.

- വാണിജ്യാവശ്യത്തിനല്ലെങ്കിൽ കുട്ടികളെ തൊഴിലെടുക്കാൻ അനുവദിച്ചതിന് മാതാപിതാക്കളോ രക്ഷാകർത്താവോ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ കുറ്റം ആവർത്തിക്കുന്ന പക്ഷം മാതാപിതാക്കളേയും രക്ഷിതാവിനേയും പതിനായിരം രൂപവരേയാകാവുന്ന പിഴശിക്ഷയ്ക്ക് വിധേയരാക്കാം.

- ഒരു സ്ഥാപനത്തിൽ തൊഴിലെടുക്കുന്നതോ ജോലി ചെയ്യാൻ അനുവദിച്ചതോ ആയ കുട്ടികളെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ എല്ലാ തെഴിലുടമയും സൂക്ഷിക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇതിന് വീഴ്ച വരുത്തുകയോ തെറ്റായ വിവരങ്ങൾ ചേർത്ത് വെക്കുകയോ ചെയ്യുന്നപക്ഷം അയാൾ ചുരുങ്ങിയത് ഒരു മാസത്തെ സാധാരണ തടവോ പതിനായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷക്ക് അർഹനാണ്.

- നിരോധിക്കപ്പെട്ട് തൊഴിലിലോ പ്രവർത്തിയിലോ ഒരു കുട്ടിയെ തൊഴിലെടുപ്പിക്കുന്ന ആൾ ആദ്യ തവണത്തെ കുറ്റത്തിന് പതിനായിരം രൂപ മുതൽ ഇരുപതിനായിരം രൂപ വരെയുള്ള പിഴയോടു കൂടിയതോ അല്ലാതെയോ ഉള്ള മൂന്നു മാസക്കാലത്തെ തടവ് ശിക്ഷക്ക് അർഹനാണ്. കുറ്റം ആവർത്തിക്കുന്ന പക്ഷം തൊഴിലുടമ ചുരുങ്ങിയത് 6 മാസം മുതൽ രണ്ടു വർഷം വരെയാക്കാവുന്ന തടവ് ശിക്ഷക്ക് അർഹനാണ്.

- പ്രത്യേക ജുവനേൽപോലീസിനോ ലോക്കൽ പോലീസിനോ പരാതി നൽകാവുന്നതാണ്. ഈ നിയമപ്രകാരമുള്ള കുറ്റം നടന്നതായിട്ടുള്ള ഒരു പരാതി ഏതൊരാൾക്കും, പോലീസ് ഓഫീസർ അല്ലെങ്കിൽ ഇൻസ്പെക്ടർക്കും അധികാര പരിധി ക്ഷമതയുള്ള ഏത് കോടതി മുമ്പാകെയും സമർപ്പിക്കാവുന്നതാണ്. ഈ നിയമപ്രകാരമുള്ള കേസ് മോട്രോപോളിറ്റൽ മജിസ്ട്രേട്ടിന്റെയോ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെയോ പദവിയിൽ താഴെയുള്ള ഒരു കോടതിയും വിചാരണക്ക് എടുക്കാൻ പാടുള്ളതല്ല.

2006ലെ ശൈശവ വിവാഹ നിരോധന നിയമം

- 18 വയസ്സിന് മുമ്പുള്ള ഒരു വിവാഹമാണ് ശൈശവവിവാഹം എന്ന് നിർവ്വചിച്ചിരിക്കുന്നത്. ഇന്ത്യയിൽ വിവാഹത്തിന് നിയമപ്രകാരമുള്ള പ്രായം പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സുമാണ്.

- വിവാഹത്തിലേർപ്പെടുന്ന ഏതെങ്കിലും ഒരു പാർട്ടി മൈനറാണെങ്കിൽ ആ വിവാഹം ശിശു വിവാഹം എന്നറിയപ്പെടും.

- ശൈശവ വിവാഹത്തിലെ പ്രായപൂർത്തിയാവാത്ത പാർട്ടിയുടെ ആവശ്യപ്രകാരം ഒരു ശൈശവ വിവാഹം റദ്ദാക്കാവുന്നതാണ്.

- വിവാഹം റദ്ദാക്കാനുള്ള ഹർജി/അപേക്ഷ വിവാഹസമയത്ത് പ്രായപൂർത്തിയാവാത്ത ആൾക്ക് പ്രായപൂർത്തിയായി 2 വർഷം പൂർത്തിയാവുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും നൽകാവുന്നതാണ്.

- വിവാഹം റദ്ദാക്കിയിരുന്നാൽ തന്നെയും ശൈശവ വിവാഹത്തിൽ ജനിച്ച കുട്ടി നിയമാനുസരണം ജനിച്ച കുട്ടിയായിരിക്കും.

- ശൈശവ വിവാഹത്തിൽ ഏർപ്പെടുന്ന പ്രായപൂർത്തിയായ പുരുഷൻ 2 വർഷം വരെയുള്ള കഠിന തടവും ഒരു ലക്ഷം രൂപ പിഴയും ഉള്ള ശിക്ഷക്ക് അർഹനാണ്.

- വിവാഹശേഷം പ്രായപൂർത്തിയാവാത്ത ആളെ കടത്തി കൊണ്ടു പോവുകയോ അസന്മാർഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ആണെങ്കിലും ശൈശവവിവാഹം ശൂന്യവും അസാധുവുമായിരിക്കും (നിയമത്തിന്റെ കണ്ണിൽ വിവാഹമല്ല).

- പ്രായപൂർത്തിയാവാത്ത ആളെ നിയമാനുസരണമുള്ള രക്ഷിതാവ്/മാതാപിതാക്കളുടെ സൂക്ഷിപ്പിൽ നിന്ന് എടുത്തുകൊണ്ടുപോവുകയോ/ വശീകരിച്ചു കൊണ്ടുപോവുകയാണെങ്കിലോ.

- പ്രായപൂർത്തിയാവാത്ത ആളെ ഒരു സ്ഥലത്തു നിന്ന് പോകുവാൻ നിർബ്ബന്ധിക്കുകയോ വഞ്ചനയിലൂടെ പ്രേരിപ്പിക്കുകയാണെങ്കിലോ

- പ്രായപൂർത്തിയാവാത്ത ആളെ വിവാഹത്തിനായി വില്പന നടത്തിയതാണെങ്കിലോ.

<u>2006 ലെ ശൈശവ വിവാഹ നിരോധന നിയമപ്രകാരമുള്ള പ്രതിവിധിക്കായുള്ള കോടതി ഉത്തരവുകൾ</u>

- ശൈശവ വിവാഹം അസാധുവാക്കിയ (റദ്ദാക്കിയ) വിധി.
- വിവാഹ സമയത്ത് രണ്ടു കക്ഷികൾക്കും ലഭിച്ച പണം, വിലപിടിപ്പുള്ള വസ്തുക്കൾ, ആഭരണങ്ങൾ, സമ്മാനം എന്നിവയോ അല്ലെങ്കിൽ അവക്ക് തുല്യമായ തുകയോ തിരിച്ചു കിട്ടൽ
- ആവശ്യം, അവസ്ഥ, വരുമാന മാർഗം എന്നിവ അനുസരിച്ച് വിവാഹിതയായ പ്രായ പൂർത്തിയാവാത്ത പെൺകുട്ടിക്കും ശൈശവവിവാഹത്തിലുണ്ടാവുന്ന കുട്ടിക്കും സംരക്ഷണ ചെലവ് നൽകൽ
- താമസിക്കാനുള്ള ഉത്തരവ്
- കുട്ടിയുടെ ക്ഷേമം കണക്കിലെടുത്ത് ശൈശവ വിവാഹത്തിലുണ്ടാവുന്ന കുട്ടിയുടെ സൂക്ഷിപ്പ്
- കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ് ഏതു സമയത്തും ആവശ്യത്തിനനുസരിച്ച് ഭേദഗതി ചെയ്യാവുന്നതാണ്.
- ശൈശവ വിവാഹം പ്രോത്സാഹിപ്പിക്കുകയും അനുവദിക്കുകയും ചെയ്യുന്ന, പ്രായപൂർത്തിയാവാത്ത കുട്ടിയുടെ ചുമതലയുള്ള ഏതൊരു വ്യക്തിയും പ്രസ്ഥാനവും അല്ലെങ്കിൽ ആരുടെ അശ്രദ്ധമൂലമാണ് ശൈശവ വിവാഹം നടക്കാൻ ഇടവന്നത് അയാളും (അത്തരം വിവാഹങ്ങൾ സംബന്ധിക്കുകയും പങ്കെടുക്കുകയും ചെയ്യുന്ന ആൾ ഉൾപ്പെടെ) ഒരു ലക്ഷം രൂപവരെയുള്ള പിഴയും 2 വർഷംവരെ കഠിന തടവും ലഭിക്കാൻ അർഹനാണ്. അപ്രകാരം കുറ്റം ചുമത്തപ്പെട്ട ആൾക്കാണ് അവന്റെ/അവളുടെ നിരപരാധിത്വം തെളിക്കാനുള്ള ചുമതല.
- ശൈശവ വിവാഹം നടക്കാൻ പോവുന്നതായി ബോധ്യമുള്ള ഏതൊരാളുടെയോ, ശൈശവ വിവാഹ നിരോധന ഓഫീസറുടെയോ അല്ലെങ്കിൽ നിയമിക്കപ്പെട്ട സർക്കാർ സർക്കാർ ഇതര സംഘടനയുടെയോ ഉൾപ്പെടെ ഏതെങ്കിലും സ്രോതസ്സിൽ നിന്ന് ഒരു ശൈശവ വിവാഹം നടക്കാൻ പോവുന്നതായി പരാതി ലഭിച്ചാൽ ജുഡീഷ്യൽ മജിസ്ട്രേട്ട് ഒരു നിരോധന ഉത്തരവ് പുറപ്പെടുവിക്കണം.
- വിശ്വസനീയമായ ഏതെങ്കിലും റിപ്പോർട്ടിന്റെയോ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ ശൈശവ വിവാഹം സംബന്ധിച്ച് ജ്യൂഡീഷൽ മജിസ്ട്രേട്ട് സ്വയം ശ്രദ്ധ വെച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണം.
- 'അക്ഷയ തൃതീയ' പോലുള്ള പ്രത്യേക സന്ദർഭങ്ങളിൽ ജില്ലാ മജിസ്ട്രേട്ടിലെ ശൈശവ വിവാഹ നിരോധന ഓഫീസറുടെ (CMPO) എല്ലാ അധികാരങ്ങളോടും കൂടിയ ശൈശവ വിവാഹ

നിരോധന ഓഫീസറായി പരിഗണിക്കുന്നതും ഈ അധിക അധികാരവും സേനാശക്തിയും ഉപയോഗിച്ച് ശൈശവവിവാഹം നിറുത്തുകയോ തടയുകയോ ചെയ്യേണ്ടതുമാണ്.

- ശൈശവ വിവാഹം നടക്കുന്നത് സംബന്ധിച്ച നിരോധന ഉത്തരവ് അറിഞ്ഞു കൊണ്ട് അനുസരിക്കാത്ത ഏതൊരാളെയും ഒരു ലക്ഷം രൂപ വരെ പിഴയും 2 വർഷം വരെയാക്കാവുന്ന കഠിന തടവും നൽകി ശിക്ഷിക്കാവുന്നതാണ്.

2005ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം

ബാലാവകാശ ലംഘനവും കുട്ടികൾക്കെതിരെയുള്ള കുറ്റങ്ങളും വേഗത്തിൽ വിചാരണ ചെയ്യാനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ബാലാവകാശ സംരക്ഷണ കമ്മീഷണുകളും കോടതികളും രൂപീകരിക്കുന്നതിനുള്ള നിയമം.

നിർബന്ധിതവും സൌജന്യവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

ഇന്ത്യൻ ഭരണഘടനയുടെ അനുചേദം 21എ പ്രകാരം വിദ്യാഭ്യാസത്തിനുള്ള അവകാശം ഒരു മൗലികാവകാശമായി ചേർത്തിട്ടുണ്ട്.

ആയതിനാൽ താഴെപറയുന്നവ ഉൾകൊള്ളണം:-

- 6 വയസ്സുമുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൌജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യഭ്യാസത്തിനുള്ള അവകാശം സ്ഥാപിക്കുക.
- എല്ലാവർക്കും പ്രാപ്യമായ സെക്കണ്ടറി വിദ്യാഭ്യാസം വികസിപ്പിക്കുക.
- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകാത്തവർക്ക് അടിസ്ഥാന വിദ്യാഭ്യാസം ലഭ്യമാക്കുക

ഇതിനു പുറമെ, വിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള എല്ലാത്തരം വിവേചനങ്ങളും ഇല്ലായ്മ ചെയ്യാനും ചുരുങ്ങിയ നിലവാരം നിശ്ചയിക്കാനും ഗുണമേന്മ വർദ്ധിപ്പിക്കാനുമുള്ള ബാദ്ധ്യത കൂടി വിദ്യാഭ്യാസ അവകാശത്തിൽ അടങ്ങിയിട്ടുണ്ട്.

അവകാശാധിഷ്ഠിത നിയമങ്ങൾ

2008ലെ ഗ്രാമ കോടതി നിയമം

പൗരൻമാർക്ക് നീതി വീട്ടുപടിക്കൽ പ്രാപ്യമാക്കാനും ഒരു പൗരനും സാമൂഹ്യമോ സാമ്പത്തികമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കുറവു കാരണമോ നീതി നിഷേധിക്കുന്നില്ലെന്ന് ഉറപ്പാക്കാനുമായി വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ ഗ്രാമ കോടതികൾ സ്ഥാപിക്കാൻ ഈ നിയമം ലക്ഷ്യമിടുന്നു.

- ഗ്രാമകോടതികൾ സിവിൽ കോടതിയുടെയും ക്രിമിനൽ കോടതിയുടെയും അധികാരം കൈയാളുന്ന ചലിക്കുന്ന കോടതികളാണ്. അതായത്, ഗ്രാമകോടതികൾ മദ്ധ്യതല പഞ്ചായത്തിന്റെ ആസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും അത് ഗ്രാമങ്ങളിൽ പോവുകയും പ്രവർത്തിക്കുകയും കേസ്സുകൾ തീർപ്പാക്കുകയും വേണം.
- പട്ടികജാതി, പട്ടികവർഗം, വനിത, സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റു വിഭാഗങ്ങൾ, സമുദായങ്ങൾ എന്നിവയിലെ അംഗങ്ങൾക്കെല്ലാം പ്രാതിനിധ്യം കിട്ടുമെന്ന് ഉറപ്പാക്കി കൊണ്ട് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാർ നിയമിക്കുന്ന 'ന്യായാധികാരി' തലവനായുള്ള ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതികളായിരിക്കും ഓരോ ഗ്രാമകോടതികളും.
- തന്റെ അധികാര പരിധിയിൽ വരുന്ന ഗ്രാമങ്ങൾ 'ന്യായാധികാരി' സമയാസമയങ്ങളിൽ സന്ദർശിക്കുകയും കേസിന് ആസ്പദമായ സംഭവം നടന്ന സ്ഥലത്തിനടുത്തോ കക്ഷികൾ സാധാരണ താമസിക്കുന്ന സ്ഥലത്തിന് സമീപത്തോ വെച്ച് കേസ്സുകൾ വിചാരണ ചെയ്യുകയോ നടപടികൾ നടത്തുകയോ വേണം.

ഇതിൽ പറയുന്ന പ്രകാരമുള്ള എല്ലാ കുറ്റങ്ങളും ഗ്രാമകോടതിക്ക് വിചാരണ ചെയ്യാവുന്നതാണ്

- വധശിക്ഷയോ, ജീവപര്യന്തം തടവോ അല്ലെങ്കിൽ രണ്ടു വർഷങ്ങൾ അധികരിക്കുന്ന തടവോ നൽകി ശിക്ഷിക്കാവുന്നതല്ലാത്ത കുറ്റങ്ങൾ
- കളവുമുതലിന്റെ മൂല്യം ഇരുപതിനായിരം വരെയാകാവുന്ന ഇന്ത്യൻ ശിക്ഷാനിയത്തിലെ 379, 380 വകുപ്പുകളിൽ പറയുന്ന മോഷണം.
- ഇരുപതിനായിരം രൂപ വരെ മൂല്യമുള്ള കളവുമുതൽ വാങ്ങുന്നതും സൂക്ഷിക്കുന്നതും 1860 ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 411-ാം വകുപ്പിൽ പറയുന്നപ്രകാരം
- 1860 ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 414-ാം വകുപ്പിൻ കീഴിൽ വരുന്ന കളവുമുതൽ ഒളിപ്പിക്കാനോ വിൽക്കാനോ സഹായിക്കൽ, കളവു മുതലിന്റെ മൂല്യം ഇരുപതിനായിരം രൂപയിൽ അധികമാകുന്നില്ലെങ്കിൽ
- 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 454, 456 വകുപ്പുകൾക്ക് കീഴിൽ വരുന്ന കുറ്റങ്ങൾ
- ഇന്ത്യൻ ശിക്ഷാ നിയത്തിലെ 504-ാം വകുപ്പിൻ കീഴിൽ വരുന്ന സമാധാന ലംഘനത്തിനായി പ്രോകോപ്പിക്കാൻ ഉദ്ദേശിച്ചുള്ള അധിക്ഷേപമോ 186 ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ
- 506 വകുപ്പിൽ കീഴിൽ വരുന്ന കുറ്റകരമായ ഭീഷണിപ്പെടുത്തലും
- മുകളിൽ പറഞ്ഞ ഏതെങ്കിലും കുറ്റ കൃത്യത്തിനുള്ള ദുഷ്പ്രേരണ
- മുകളിൽ പറഞ്ഞവ കുറ്റമായി വരുമ്പോൾ അത്തരം കുറ്റം ചെയ്യാനുള്ള ശ്രമം

ഗ്രാമകോടതികൾക്ക് താഴെ പറയുന്ന കുറ്റങ്ങൾക്കുടി വിചാരണ ചെയ്യുകയും പരിഹാരം അനുവദിക്കുകയും ചെയ്യാം.

1) 1871ലെ കന്നുകാലികളും അതിക്രമിച്ചു കടക്കാൻ നിയമത്തിലെ 207-ാം വകുപ്പുപ്രകാരം പരാതിപ്പെടാവുന്ന ഏതെങ്കിലും നിയമപ്രകാരമുള്ള ഏതെങ്കിലും കുറ്റം.

2) 1936ലെ വേതനം നൽകൽ നിയമം

3) 1948ലെ മിനിമം വേതന നിയമം

4) 1955ലെ പൗരാവകാശ സംരക്ഷണ നിയമം

5) 1973ലെ ക്രിമിനൽ നടപടി നിയമത്തിൽ കീഴിൽ വരുന്ന ഭാര്യമാരുടെയും, കുട്ടികളുടെയും, മാതാപിതാക്കളുടെയും സംരക്ഷണ ചെലവ് സംബന്ധിച്ച ഉത്തരവ്.

6) ജാമ്യ തൊഴിൽ വ്യവസ്ഥ (നിരോധന)നിയമം, 1976

7) 1976ലെ തുല്യ വേതന നിയമം

8) ഗാർഹിക പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം, 2005

- സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ട കക്ഷികൾക്കിടയിൽ അനുരഞ്ജനവും ഒത്തുതീർപ്പും ഉണ്ടാക്കാനുള്ള ശ്രമം നടത്തേണ്ടത് ഗ്രാമ കോടതിയുടെ ചുമതലയാണ്. നിയമിക്കപ്പെട്ട മദ്ധ്യസ്ഥരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

- 1872ലെ ഇന്ത്യൻ തെളിവു നിയമങ്ങൾ പറയും പ്രകാരമുള്ള തെളിവ് ചട്ടങ്ങൾ ഗ്രാമകോടതികൾക്ക് ബാധകമല്ല. എന്നാൽ ഇത് സാമാന്യ നീതിയുടെ തത്വങ്ങൾ പിന്തുടരുകയും ഹൈക്കോടതി ഉണ്ടാക്കുന്ന നിയമങ്ങൾക്ക് വിധേയമാവുമായിരിക്കണം. ഗ്രാമക്കോടതിയുടെ എല്ലാ ഉത്തരവുകൾക്കും (സമ്മതപ്രകാരമുള്ള തൊഴികെ) ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നത്.

പ്രഥമ വിവര റിപ്പോർട്ടുമായി (എഫ്.ഐ.ആർ) ബന്ധപ്പെട്ട നടപടി ക്രമങ്ങൾ

എന്താണ് ഒരു എഫ്.ഐ.ആർ ?

ഒരു കൊഗ് നൈസിൽ കുറ്റകൃത്യം നടന്നതു സംബന്ധിച്ച വിവരം ലഭിച്ചാൽ പോലീസ് ഓഫീസർ തയ്യാറാക്കുന്ന ലിഖിതമായ രേഖയാണ് പ്രഥമ വിവര റിപ്പോർട്ട് (എഫ്.ഐ.ആർ) . പൊതുവെ പറഞ്ഞാൽ ഒരു കൊഗ് നൈസിൽ കുറ്റകൃത്യത്തിലെ ഇരയോ അല്ലെങ്കിൽ അയാൾക്ക് / അവർക്ക് വേണ്ടി മറ്റൊരാളോ പോലീസിന് നൽകുന്ന പരാതിയാണ് . ഏതൊരാൾക്കും ഒരു കൊഗ് നൈസസിൽ കുറ്റം സംബന്ധിച്ച് വാക്കാലോ രേഖാമൂലമോ പോലീസിൽ പരാതിപ്പെടാം. ഒരു ടെലഫോൺ സന്ദേശം പോലും എഫ്.ഐ.ആർ ആയി പരിഗണിക്കാം.

എന്താണ് കൊഗ് നൈസബിൽ കുറ്റവും കൊഗ് നൈസബിൽ അല്ലാത്ത കുറ്റവും തമ്മിലുള്ള വ്യത്യാസം ?

ഒരു പോലീസ് ഓഫീസർക്ക് വാറണ്ടു കൂടാതെ അറസ്റ്റ് ചെയ്യാവുന്നതാണ് കൊഗ് നൈസസിൽ കുറ്റം. കൊല, ബലാൽസംഗം, വൻതോതിലുള്ള കയ്യേറ്റം, തട്ടികൊണ്ടുപോകൽ മുതലായ ഗുരുതരമായ പ്രവർത്തികളായിരിക്കും ഇത്തരം കുറ്റങ്ങൾ. പോലീസിന് വാറണ്ടു കൂടാതെ അറസ്റ്റ് ചെയ്യാൻ അധികാരമില്ലാത്തതാണ് കൊഗ് നൈസസിൽ അല്ലാത്ത കുറ്റം. പൊതുശല്യം, ലഘു പീഢനം, കുസൃതി എന്നിവ ഇത്തരം കുറ്റങ്ങളാകാം.

എന്തുകൊണ്ടാണ് എഫ്.ഐ.ആർ പ്രാധാന്യമുള്ളതാവുന്നത് ?

ക്രിമിനൽ നീതിയുടെ പ്രക്രിയക്ക് തുടക്കം കുറിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് ഒരു എഫ്.ഐ.ആർ. എഫ്.ഐ.ആർ റജിസ്റ്റർ ചെയ്തിതിനുശേഷം മാത്രമാണ് പോലീസ് ഒരു കേസിൽ അന്വേഷണം ആരംഭിക്കുന്നത്.

നോട്ട്: എഫ്.ഐ.ആർ ഫയൽ ചെയ്യുന്നത് കൃത്യമാവുക. അതിന്റെ പകർപ്പ് വാങ്ങുവാൻ മറക്കരുത്.

ആർക്കൊക്കെ എഫ്.ഐ.ആർ ഫയൽ ചെയ്യാം ?

ഒരു കൊഗ് നൈസസിൽ കുറ്റം നടന്നതായി അറിവുള്ള ആർക്കും എഫ്.ഐ.ആർ ഫയൽ ചെയ്യാം. കുറ്റകൃത്യത്തിലെ ഇരക്ക് മാത്രമേ എഫ്.ഐ.ആർ ഫയൽ ചെയ്യുവാൻ പാടുള്ളൂ എന്നില്ല. ഒരു കൊഗ് നൈസസിൽ കുറ്റ കൃത്യം സംബന്ധിച്ച് അറിഞ്ഞ ഒരു പോലീസ് ഓഫീസർക്ക് സ്വയം എഫ്.ഐ.ആർ ഫയൽ ചെയ്യാം. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നടന്നതു സംബന്ധിച്ച് എഫ്.ഐ.ആർ കൃത്യമായി ഫയൽ ചെയ്യുന്നതിൽ യാതൊരു സാങ്കേതികത്വവും കടന്നുവരാൻ പാടുള്ളതല്ല.

- എഫ്.ഐ.ആർ ഫയൽ ചെയ്യുമ്പോൾ കുറ്റം നടന്നത് ആ പോലീസ് സ്റ്റേഷൻ പരിധിക്ക് പുറത്താണെന്ന് വ്യക്തമാവുന്ന പക്ഷം പോലീസ് ഒരു 'പൂജ്യം എഫ്.ഐ.ആർ ' റജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് എഫ്.ഐ.ആർ അയച്ചു കൊടുക്കുകയും വേണം.

- ആർക്കെതിരെയാണോ കുറ്റം നടന്നത് ആ വ്യക്തിക്കും

- നടന്ന ഒരു കുറ്റ കൃത്യം സംബന്ധിച്ച അറിവുള്ള ആൾക്കും

- ഒരു കുറ്റ കൃത്യം നടക്കുന്നത് കണ്ട ആൾക്കും

എഫ്.ഐ.ആർ ഫയൽ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണ് ?

- ഒരു കൊഗ് നൈസിബിൽ കുറ്റം നടന്നത് സംബന്ധിച്ച് വാക്കാൽ വിവരം കിട്ടിയാൽ പോലീസ് അത് എഴുതി എടുക്കണം. പോലീസ് രേഖപ്പെടുത്തിയ വിവരം തനിക്ക് വായിച്ചു കേൾപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് വിവരം നൽകിയ അല്ലെങ്കിൽ പരാതി പറഞ്ഞ ആളുടെ ആവകാശമാണ്.

  - അത് ഒരു കൃത്യമായ രേഖയാണെന്ന് ബോദ്ധ്യപ്പെട്ടാൽ എഴുത്തും വായനയും അറിയാത്തവർ തങ്ങളുടെ ഇടതുപെരുവിരലടയാളം രേഖയിൽ പതിക്കണം.

  - എഫ്.ഐ.ആറിന്റെ സൌജന്യ പകർപ്പ് കിട്ടുക എന്നത് പരാതിക്കാരന്റെ / വിവരം നൽകിയ ആളുടെ അവകാശമാണ്.

എഫ്.ഐ.ആർ റജിസ്റ്റർ ചെയ്യാത്തപക്ഷം എന്തു ചെയ്യാൻ കഴിയും ?

- പോലീസ് സുപ്രണ്ടിനോടോ മറ്റു ഉയർന്ന ഉദ്യോഗസ്ഥനേയോ നേരിൽ കണ്ട് പരാതി അവരുടെ ശ്രദ്ധയിൽപ്പെടുത്താം.

- ക്ഷമതയുള്ള കോടതി മുമ്പാകെ ഒരാൾക്ക് സ്വകാര്യ അന്യായം ബോധിപ്പിക്കാം

  - പോലീസ് നിയമം നടപ്പാക്കാൻ ആവശ്യമായതൊന്നും ചെയ്യുന്നില്ലെങ്കിലോ അല്ലെങ്കിൽ പക്ഷപാതപരമായോ അഴിമതിയോടു കൂടിയോ അത് ചെയ്യുന്നതെങ്കിലോ ഒരാൾക്ക് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയോ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയോ പരാതിപ്പെടാം.

ഒരാൾ എഫ്.ഐ.ആർ ഫയൽ ചെയ്താലും ചിലപ്പോൾ പോലീസ് പരാതി അന്വേഷിക്കണമെന്നില്ല–

- കേസ് ഗൌരവ സ്വഭാവമുള്ളതല്ലെങ്കിൽ

- അന്വേഷിക്കാനാവശ്യമായ മതിയായ കാരണമില്ലെന്ന് പോലീസിന് തോന്നുന്നപക്ഷം. എന്നിരുന്നാലും പോലീസ് അന്വേഷണം നടത്താത്തതിന്റെ കാരണം രേഖപ്പെടുത്തേണ്ടതും മുകളിൽ രണ്ടാമതു പറഞ്ഞ കാര്യത്തിൽ ബന്ധപ്പെട്ട ആളെ അറിയിക്കുകയും വേണം.